1025

GRADE IV BOOK 21

32307

# ലോകത്തിലെ ജനങ്ങൾ

ഗ്രന്ഥകർത്താ:

പി. ദാമോദരൻപിള്ള, ബി. ഏ.

KOTTAYAM PUBLIC LIBRARY
KOTTAYAM



ബാലൻ പ്രസിദ്ധീകരണങ്ങൾ

തിരുവനന്തപുരം.

NATIONAL BOOK STALL
SPCS
KTM
KOTTAYAM

വില 1 രൂ. 25 ന.പൈ.

*Balan Children's Series*
GENERAL EDITOR-MATHEW M. KUZHIVELI
MALAYALAM

LOKATHILE JENANGAL

*By*

P. DAMODARAN PILLAI B. A.

*Published March 1951*
Printed at
*Kerala Press, Trivandrum.*
Price Re. 1 nP. 25
Copyright by
BALAN PUBLICATIONS
Publishers
BALAN PUBLICATIONS, TRIVANDRUM
3rd Impression February 1963 Copies 500

1025

# മുഖവുര

മനുഷ്യൻ ഒരു സമുദായജീവിയാണെന്നാണ് ഇന്നത്തെ ശാസ്ത്രജ്ഞന്മാരുടെ മതം. സമുദായജീവിതത്തിൽ അയൽക്കാരുടെ ഹിതാഹിതങ്ങൾ നോക്കി തന്റെ സ്വാർത്ഥത്തെ ബലികഴിക്കുകയെന്നതാണ് ഏററവും വലിയ ആവശ്യം. അന്യരുമായുള്ള തന്റെ ഐക്യം മനസ്സിലാക്കാൻ സമുദായജീവിതംപോലെ മറെറാന്നും മനുഷ്യനെ സഹായിക്കുന്നില്ല.

ഇപ്പോഴത്തെ അവസ്ഥയിൽ സകല മനുഷ്യവർഗ്ഗങ്ങളും ഏകോദര സഹോദരങ്ങളാണെന്നുള്ള ആശയത്തിന് പ്രാബല്യം കൂടിക്കൂടി വരുന്നുണ്ട്. ലോകം മുഴുവൻ ഈ ഭരണത്തിൻകീഴിലാകണമെന്നുള്ള രാജ്യതന്ത്രജ്ഞന്മാരുടെ അഭിനിവേശം ഇന്നുവരെ അത്രയേറെ സഫലമായിട്ടില്ലെങ്കിലും പ്രസ്തുത ആശയത്തിന് ലോകത്തിൽ നല്ലവണ്ണം വേരോടാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല.

മനുഷ്യന്റെ ഏകത്വത്തേയും, സാഹോദര്യത്തേയുംപററിയുള്ള ബോധം ദൃഢമായി മനസ്സിൽ

പതിയത്തക്ക ഒരു വിദ്യാഭ്യാസമല്ല ഇന്ന് ലോകത്തിൽ നിലവിലിരിക്കുന്നതെന്നു സമ്മതിക്കേണ്ടിവരും. അതിനാൽ മേല്പറഞ്ഞ ആശയം മനുഷ്യസമുദായങ്ങളുടെ ഉപരിതലങ്ങളിൽ നില്ക്കുന്ന ചിലരിൽ മാത്രമേ വേരൂന്നിയിട്ടുള്ളൂ. പൊതുവേ ലോകരെല്ലാം മനുഷ്യരുടെ ഐക്യത്തെപ്പററി മനസ്സിലാക്കുന്ന കാലത്തുമാത്രമേ അതിന് എന്തെങ്കിലും സാഫല്യമുണ്ടാകുവാൻ ന്യായമുള്ളു.

ഭാവിതലമുറകളുടെ വിദ്യാഭ്യാസവും മാനസിക വ്യാപാരങ്ങളും ഐക്യബോധത്തെ അടിസ്ഥാനമാക്കിയിരിക്കണമെന്നുള്ളതാണ് ഇന്നത്തെ ആവശ്യം. അതിന് ആദ്യമായിത്തന്നെ ലോകത്തിലെ ജനവർഗ്ഗങ്ങളെപ്പററി ഒരു ഏകദേശ ജ്ഞാനമെങ്കിലും വിദ്യാർത്ഥികൾക്ക് നൽകപ്പെടുകവേണം. ആമാതിരി ജ്ഞാനം നൽകുന്ന ഗ്രന്ഥങ്ങൾ ഏതു ഭാഷയ്ക്കും ഒഴിച്ചുകൂടാവുന്നതല്ല. പക്ഷേ മലയാളം അതിൽ ഏറാവും ദരിദ്രമാണെന്നു പറയാതെ ഗത്യന്തരമില്ല.

ഈ ചെറുഗ്രന്ഥം മേൽകാണിച്ച ആശയങ്ങളെ അടിസ്ഥാനപ്പെടുത്തി രചിച്ചിട്ടുള്ളതാണ്.

ലോകത്തിലെ വർഗ്ഗങ്ങളെപ്പററി സ്ഥൂലമായുള്ള പ്രതിപാദനത്തിനിടയിൽ അവയുടെ വൈരുദ്ധ്യത്തേക്കാൾ ഐക്യത്തിനാണ് ഇതിൽ പ്രാധാന്യം നൽകിയിട്ടുള്ളതെന്ന് സ്പഷ്ടമാകുന്നു. അതിനാൽ വിവിധവർഗ്ഗങ്ങൾ തമ്മിലുണ്ടായിട്ടുള്ള കലഹങ്ങളെപ്പററി ഇതിൽ മിക്കവാറും മിണ്ടിയിട്ടില്ലെന്നുതന്നെ പറയാം.

ഗ്രന്ഥത്തിൻെറ കർത്താവ് ഞാനാണെങ്കിലും അതിൻെറ സ്വഭാവനിർണ്ണയം ചെയ്തിരിക്കുന്നത് വിദ്യാഭ്യാസ വിഷയകമായി പുരോഗമനമായ ചിന്തകൾ ഒട്ടേറെ വഹിക്കുന്ന ശ്രീ. മാത്യു എം. കുഴിവേലി അവർകളുടെ മസ്തിഷ്കമാണെന്ന് പറയണം. അദ്ദേഹത്തോടും, ബാലൻ പ്രസിദ്ധീകരണശാലയോടും ഉള്ള എൻെറ കടപ്പാട് ഞാൻ കൃതജ്ഞതാപൂർവ്വം രേഖപ്പെടുത്തിക്കൊള്ളുന്നു.

തിരുവനന്തപുരം,<br>
7-2-1951.

പി. ദാമോദരൻ പിള്ള.

# വിഷയവിവരം

| | | പുറം |
|---|---|---|
| 1. | വർഗ്ഗൈക്യം | 1 |
| 2. | ആഫ്രിക്കൻ വർഗ്ഗങ്ങൾ | 8 |
| 3. | ഇന്ത്യൻ തൊഴിലാളികൾ | 20 |
| 4. | ചൈനാക്കാർ | 28 |
| 5. | അമേരിക്കൻ ഐക്യനാടുകൾ | 35 |
| 6. | ബ്രിട്ടൻ | 43 |
| 7. | യൂറോപ്പ് | 44 |
| 8. | റഷ്യ | 53 |
| 9. | ജപ്പാൻ | 58 |
| 10. | ആസ്ട്രേലിയാ | 61 |
| 11. | തെക്കേ അമേരിക്കാ | 62 |

# ലോകത്തിലെ ജനങ്ങൾ

## 1. വർഗ്ഗൈക്യം

നമ്മുടെ ചുററും പലതരം ജീവികളെ നാം കാണുന്നു. അവയെല്ലാം ഓരോ പ്രത്യേക വർഗ്ഗത്തിൽപെട്ട ജീവികളുമാണു്. അഥവാ എറുമ്പു്, പട്ടി, പൂച്ച, പശു, ആടു്, എന്നിങ്ങനെ വർഗ്ഗം തിരിച്ചാണു് നാം ജീവികളെ അറിയുന്നതു്. ഓരോ വർഗ്ഗത്തിനും അതതിന്റെ പ്രത്യേകതകൾ ഉണ്ടെന്നു് തോന്നുന്നതിനാലാണു് ഇങ്ങനെ വർഗ്ഗങ്ങളെ നാം വേർതിരിക്കുന്നതു്. എന്നാൽ വാസ്തവത്തിൽ ആ വർഗ്ഗങ്ങൾ അത്രതന്നെ ഭിന്നങ്ങളാണോ? കൂടുതൽ സൂക്ഷിച്ചുനോക്കിയാൽ ബാഹ്യമായ വ്യത്യാസങ്ങൾ ഗണിക്കാതിരിക്കത്തക്ക ഐക്യം അവ തമ്മിലുണ്ടെന്നു കാണാം. എല്ലാ ജീവിവർഗ്ഗങ്ങൾക്കും കയ്യും, കാലും, തലയും, മുഖവുമുണ്ടെന്നുള്ളതുതന്നെ അവ തമ്മിലുള്ള ഐക്യത്തിനു് ഒരു തെളിവാണു്. അവയുടെ രക്തം, മാംസം, എല്ലു് എന്നിവ തമ്മിലും പറയത്തക്ക വ്യത്യാസമൊന്നുമില്ല. ഇങ്ങനെ നോക്കുമ്പോൾ വിവിധവർഗ്ഗങ്ങളുടെ ഭിന്നതകൾക്കു പിന്നിൽ സാരമായ ഒരു ഐക്യം നിലനില്ക്കുന്നുണ്ടെന്നു് മനസ്സിലാക്കാം.

ലോകത്തിലെ ജനങ്ങളുടെ കഥയും ഇതു തന്നെയാണ്. പല വർഗ്ഗങ്ങളെയും നമ്മുടെ രാജ്യത്തും പുസ്തകങ്ങളിലെ ചിത്രങ്ങളിലും നാം കണ്ടെന്നുവരാം. ചില വർഗ്ഗങ്ങൾ കറുത്തിരിക്കുമ്പോൾ വേറെ ചിലതു് മഞ്ഞളിച്ചും, മൂന്നാമതൊരു കൂട്ടർ വെളുത്തുമാണിരിക്കുന്നതു്. ചിലരുടെ തലമുടിക്കും, കണ്ണിനും നിറവ്യത്യാസം കാണും. വേഷത്തിലും ഭാഷയിലും നടപടികളിലും ഈ വ്യത്യാസം പിന്നെയും തെളിഞ്ഞുകാണുന്നു എന്നു വന്നേക്കാം. എന്നാലും എല്ലാവക്കും കണ്ണും, കാലും, കയ്യും തുല്യമാണ്. അവയവങ്ങളുടെയെല്ലാം പ്രയോജനവും എല്ലാ വർഗ്ഗങ്ങൾക്കും തുല്യം തന്നെ. നാം കാണുന്നതുപോലെതന്നെ മററു വർഗ്ഗങ്ങളും അവരുടെ കണ്ണുകൊണ്ടു കാണുന്നു. നമ്മുടെയും അവരുടെയും രക്തം, അസ്ഥി മുതലായവ തമ്മിലും പറയത്തക്ക വ്യത്യാസമൊന്നുമില്ല. അതിനാൽ ലോകത്തിലെ ഭിന്നവർഗ്ഗങ്ങളിൽപെട്ട മനുഷ്യർ തമ്മിലും പുറമേ കാണുന്ന വ്യത്യാസങ്ങളെ സാരമാക്കാത്ത ആന്തരമായ ഐക്യം സദാ തേ ഉണ്ടെന്നു പ്രത്യക്ഷമാണ്.

ഇതുകൊണ്ടും ഐക്യത്തിൻെറ കഥ അവസാനിക്കുന്നില്ല. ഭിന്ന മനുഷ്യവർഗ്ഗങ്ങൾ തമ്മിൽ ഒരു കുടുംബത്തിലെ അംഗങ്ങളെന്നപോലെ കഴിഞ്ഞുകൂടാനാണ് ഈശ്വരൻ വിധിച്ചിട്ടുള്ളതെന്നു തോന്നത്തക്ക ഒരു ബന്ധം എല്ലാ വർഗ്ഗങ്ങളും

തമ്മിലുണ്ടായിക്കൊണ്ടാണിരിക്കുന്നതു്. തനിയേ ജീവിക്കാൻ ഒരു വർഗ്ഗത്തിനും സാധിക്കയില്ല. ബർമ്മാക്കാരൻ നെൽ കൃഷിചെയ്യുന്നതും, ജപ്പാൻകാരൻ തുന്നിത്തരങ്ങൾ നെയ്യുന്നതും നമുക്കുവേണ്ടിയാണു്. നാം ചണമുണ്ടാക്കുന്നതും, തേയില കൃഷിചെയ്യുന്നതും റബ്ബർ വ്യവസായം ചെയ്യുന്നതും യൂറോപ്യന്മാർക്കും അമേരിക്കാക്കാർക്കും വേണ്ടിയാണു്. അവർ പല സാധനങ്ങൾ വ്യവസായം ചെയ്തു് നാം ഉൾപ്പെടെയുള്ള ലോകത്തിലെ പല വർഗ്ഗങ്ങൾക്കു നൽകിവരുന്നു. ഇങ്ങനെ മനുഷ്യവർഗ്ഗങ്ങളെല്ലാം പരസ്പരം അറിയാതെ സഹായിച്ചും സേവിച്ചുമാണു് കഴിഞ്ഞുകൂടുന്നതു്. ലോകം പൊതുവേ കച്ചവടം, കൃഷി, വ്യവസായം എന്നിവയാൽ ഒരു കുടുംബമെന്നപോലെ ബന്ധപ്പെട്ടിരിക്കുന്നു എന്നു് ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നതാണു്.

നമ്മുടെ ആവശ്യങ്ങൾ നിറവേറ്റി നമ്മോടു ബന്ധപ്പെട്ടിരിക്കുന്നവരെ അറിയാൻ ശ്രമിക്കുന്നതു് ഒരുതരത്തിൽ നമ്മെത്തന്നെ അറിയാൻ ശ്രമിക്കുന്നതിനു തുല്യമാണു്. എന്തെന്നാൽ, നമ്മുടെ ആവശ്യങ്ങൾ നമ്മെ വെളിപ്പെടുത്തിത്തരുന്നു. ആ ആവശ്യങ്ങൾ സാധിച്ചുതരുന്നവരെ അറിയുമ്പോൾ നമ്മെയും അതുനിമിത്തം ഏറെക്കുറെ അറിയാൻ കഴിയും. നമുക്കു് അവരോടുള്ള കടപ്പാടും അതുമൂലം വെളിവായിത്തീരുന്നു.

മനുഷ്യർ തമ്മിൽ എത്ര വ്യത്യാസമുണ്ടായിരുന്നാലും അവർ ഒന്നാണെന്നു കണ്ടുകഴിഞ്ഞു. കേരളീയരെത്തന്നെ നോക്കുക അവർ കേരളീയർ എന്ന നിലയിൽ ഒന്നാണ്. പക്ഷേ ആദിമകാലം തുടങ്ങി അനേകം ഭിന്നവർഗ്ഗങ്ങൾ ചേർന്നുണ്ടായ ഒരു വർഗ്ഗമാണ് ഇന്നത്തെ കേരളീയർ. ആദ്യാ ഇവിടെയുണ്ടായിരുന്ന വർഗ്ഗം ഏതായിരുന്നാലും ആര്യന്മാർ, കേരളത്തിനു വെളിയിലുള്ള ദ്രാവിഡർ, കടലിനക്കരെയുള്ള ജൂതർ, സുറിയാനികൾ, ഗ്രീക്കുകാർ, പോർട്ടുഗീസുകാർ, അറബികൾ എന്നിങ്ങനെ പല വർഗ്ഗങ്ങളും ക്രിസ്തുവിനു മുൻപും പിൻപും ഇവിടെ കുടിയേറുകയും, ഇവിടത്തെ വർഗ്ഗങ്ങളുമായി കൂടിക്കലർന്ന് ഇന്നത്തെ കേരളീയരെന്ന സങ്കര വർഗ്ഗത്തെ ജനിപ്പിക്കയും ചെയ്തു. ഏകദേശം മൂവ്വായിരം വർഷത്തെ വർഗ്ഗസങ്കരമാണ് ഇവിടെ നടന്നിട്ടുള്ളതെന്ന് ഇതിൽനിന്നു മനസ്സിലാക്കാം. കുറേക്കൂടി പുറകോട്ടു നോക്കിയാൽ ഈ വർഗ്ഗസങ്കരത്തിന് പിന്നെയും പഴക്കമുണ്ടെന്നു കാണാം. പഴയ ഫിനീഷ്യ, ഈജിപ്റ്റ് എന്നീ മെഡിറ്ററേനിയൻ പ്രദേശങ്ങളും, പേഴ്സ്യൻ ഉൾക്കടൽ പ്രദേശങ്ങളും, ജാവാ, ബോർണിയോ, ചൈനാ തുടങ്ങിയ കിഴക്കൻ പ്രദേശങ്ങളുമായി കേരളീയർതന്നെ അതിപുരാതനകാലംമുതൽ കച്ചവടത്തിൽ ഏർപ്പെട്ടിരുന്നു

എന്നും, ക്രിസ്തുവിനു് രണ്ടായിരം വർഷംമുൻപു് ഈജിപ്ററിൽ നമ്മുടെ ആനമുളക്കണ്ണാടി അറിയപ്പെട്ടിരുന്നു എന്നും കാണ്മാനുണ്ടു്. ഇതു് ആ പുരാതനകാലത്തെ വർഗ്ഗബന്ധത്തേയും വർഗ്ഗസങ്കരത്തേയും സൂചിപ്പിക്കുന്നില്ലെന്നു് എങ്ങിനെ പറയാം? ഇന്നു് ഒരു വർഗ്ഗവും തനിയായിരിക്കുന്നില്ല. തനി കേരളീയൻ, തനി ഇന്ത്യാക്കാരൻ, തനി ബ്രിട്ടീഷുകാരൻ, തനി അമേരിക്കൻ എന്നിങ്ങനെ ഒരു വർഗ്ഗത്തേയും വേർതിരിച്ചു പറയാൻ വയ്യ. എന്നാൽ കേരളീയൻ, ഇന്ത്യൻ, യൂറോപ്യൻ, അറബി, ആസ്ട്രേലിയൻ, ആഫ്രിക്കൻ, എന്നൊക്കെ പല വർഗ്ഗങ്ങളെയും വേർതിരിച്ചറിയാതിരിക്കുന്നുമില്ല. ഇന്ത്യയിൽ മലയാളിയും, ബംഗാളിയും, മദ്രാസുകാരനും, പഞ്ചാബുകാരനും ഏറെക്കുറെ സൂക്ഷ്മദൃഷ്ടികൾക്കെങ്കിലും തിരിച്ചറിയാവുന്നതാണു്. മലയാളിയും ബംഗാളിയും കാഴ്ചയിൽ ഒന്നുപോലിരുന്നേക്കാം. പക്ഷെ അവരും പഞ്ചാബികളും തമ്മിൽ പ്രത്യക്ഷമായ വ്യത്യാസം തന്നെയുണ്ടു്.

ഈ മാതിരി വർഗ്ഗവ്യത്യാസങ്ങൾക്കു് കാരണം പലതാണു്. ഭൂമിശാസ്ത്രവും, ചരിത്രവും അതിനു പ്രധാനമായ ഉത്തരവാദിത്വം വഹിക്കുന്നുണ്ടെന്നാണു് ശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തം. ഒരേ പ്രദേശത്തിൽ, ഒരേ ശീതോഷ്ണാവസ്ഥയിൽ ജീവിക്കുന്ന വർഗ്ഗത്തിന്റെ സ്വരൂപം, നിറം, മത

ലായവ ഏതാണ്ട് ഒന്നുപോലായിത്തീരുക സ്വാഭാവികമാണ്. ഉഷ്ണം കൂടിയ പ്രദേശത്തുള്ളവർ കറുത്തുപോകും. തണുപ്പുകൂടിയ പ്രദേശങ്ങളിൽ വെളുക്കുകയും ചെയ്യും. ആദ്യം പറഞ്ഞതിന് ഇന്ത്യയിലെയും ആഫ്രിക്കയിലെയും പല വർഗ്ഗങ്ങളും ഉദാഹരണങ്ങളാണ്. നേരെമറിച്ച് തണുപ്പുള്ള പ്രദേശങ്ങളിൽ മനുഷ്യർ വെളുത്തിരിക്കുമെന്നുള്ളതിനു തെളിവ് യൂറോപ്യന്മാരുമാണ്. ചരിത്രത്തിന്റെ ശക്തികൊണ്ട് പല വർഗ്ഗങ്ങളും ഭിന്നങ്ങളായിത്തീർന്നിരിക്കുന്നു എന്നതിനു ഏറെക്കുറെ എല്ലാ പരിഷ്കൃത വർഗ്ഗങ്ങളെയും ഉദാഹരണങ്ങളായി സ്വീകരിക്കാം. ലോകത്തിൽ ചിന്നിച്ചിതറിക്കിടക്കുന്ന ജൂതന്മാർ ചരിത്രത്താലും മതം മുതലായവയാലും വളരെ ഉറച്ച പ്രത്യേകതകൾ ഉള്ള ഒരു വർഗ്ഗമായി ശേഷിക്കുന്നു. ഇന്ത്യയിലെ പാഴ്സികളും അപ്രകാരം തന്നെ. ഇവരെ കൂടാതെ ഇന്ത്യാക്കാർക്കുള്ള അനേകായിരം വർഷത്തെ ചരിത്രത്തിന്റെ സ്മരണ അവരെ ഒരു പ്രത്യേക വർഗ്ഗമാക്കിത്തീർക്കാൻ മതിയാകുന്നതാണ്. ബ്രിട്ടനിൽ 51 ഭിന്നവർഗ്ഗങ്ങൾ കൂടി കലർന്നിട്ടുണ്ടെങ്കിലും ഭൂമിശാസ്ത്രത്തെപ്പോലെതന്നെ ചരിത്രഗതിയും അവരെ ബ്രിട്ടീഷുകാർ എന്നൊരു ഏകവർഗ്ഗമാക്കി മാററിയിരിക്കുന്നു.

ചരിത്രത്തെപ്പററി പറഞ്ഞുകഴിഞ്ഞാൽ പിന്നെ വർഗ്ഗസൃഷ്ടിക്ക് കാരണമായി പാരമ്പര്യത്തെ

ക്കൂടി പരിഗണിക്കേണ്ടതുണ്ടോ എന്ന സംശയമാണു്. എന്തെന്നാൽ പാരമ്പര്യം അധികവും ചരിത്രത്തിൻേറയും കുറെയൊക്കെ ഭൂമിശാസ്ത്രത്തിൻേറയും ആകെക്കൂടിയുള്ള ഫലമാണു്. മതം തുടങ്ങിയവയും പാരമ്പര്യസൃഷ്ടിയിൽ ഒരു പങ്കു വഹിക്കുവാനുണ്ടെന്നു് സമ്മതിക്കണം. ഇങ്ങനെ ബാഹ്യമായ ചില ലക്ഷണങ്ങൾ വർഗ്ഗങ്ങളെ വേർതിരിക്കുന്നു എന്നുള്ളതിൽ സംശയമില്ല. അതുപോലെ ആന്തരമായ സ്വഭാവവും അവയെ വേർതിരിക്കുന്നുണ്ടോ? അല്പമായ അളവിൽ ഉണ്ടെന്നു തന്നെ പറയാം. ചില വർഗ്ഗക്കാർ പൊതുവേ ധൈര്യമേറിയവരാണെങ്കിൽ മററു ചില വർഗ്ഗക്കാർ ഭീരുക്കളാണു്. പക്ഷെ ഈ അംശത്തിലുള്ള വർഗ്ഗവ്യത്യാസം അത്ര വളരെ സാരമല്ലെന്നു് എടുത്തു പറയുന്നു. എന്തെന്നാൽ എല്ലാ വർഗ്ഗങ്ങളിലും ഭീരുക്കളും ധീരന്മാരുമുണ്ടെന്നുള്ളതു് നിഷേധിക്കാൻ സാധിക്കയില്ല.

## 2. ആഫ്രിക്കൻ വർഗ്ഗങ്ങൾ

ആഫ്രിക്കാ ഭൂഖണ്ഡത്തിൽ രണ്ടായിരത്തിൽ പരം മനുഷ്യവർഗ്ഗങ്ങളുണ്ടു്. അവ ഓരോന്നും പ്രത്യേകഭാഷ സംസാരിക്കുന്നു. ആചാരങ്ങളും ആശയങ്ങളും ഓരോന്നിനും പ്രത്യേകമാണു്. ആകെ 15 കോടി ആളുകളാണു് ആ ഭൂഖണ്ഡത്തിലുള്ളതു്. അതിൽ 30 ലക്ഷംപേർ യൂറോപ്യൻ വർഗ്ഗക്കാരുമാണു്. സാവധാനത്തിലെങ്കിലും യൂറോപ്യൻ പരിഷ്കാരം ആഫ്രിക്കയിൽ പ്രചരിച്ചുകൊണ്ടിരിക്കുന്നതിനാൽ ആ ഖണ്ഡത്തിന്റെ ഭാവി കൂടുതൽ താല്പര്യജനകമായിത്തീർന്നിരിക്കുന്നു.

പൊക്കം, നിറം, തലമുടി, മൂക്കു്, വായ് എന്നിവയിലെല്ലാം ആഫ്രിക്കൻ വർഗ്ഗങ്ങളിൽ പല പല വ്യത്യാസങ്ങൾ കാണ്മാനുണ്ടു്. ഒരു വർഗ്ഗത്തിന്റെ നിറം തനിക്കറുപ്പു തന്നെയാണു്. മററു ചില വർഗ്ഗക്കാർ നേർത്ത തവിട്ടുനിറക്കാരാണു്. ചില വർഗ്ഗങ്ങളുടെ മുടി ചുരുണ്ടുചുരുണ്ടിരിക്കും. മററു ചിലതിന്റേതു് എത്ര പണിപ്പെട്ടു ചുരുട്ടിയാലും യാതൊരു പ്രയോജനവുമില്ലതാനും. ചില വർഗ്ഗങ്ങളുടെ മൂക്കു് പരന്നതാണെങ്കിൽ വേറെ ചിലതിന്റേതു് നീണ്ടുകൂർത്തിരിക്കും. തടിച്ചുന്തിയ ചുണ്ടുകൾ ചില വർഗ്ഗങ്ങൾക്കുണ്ടു്. മററു ചിലതിനു് നേർത്തു് സമമായ ചുണ്ടുകളും കാണപ്പെടുന്നു. ഒരു വർഗ്ഗത്തിനു് താടിമീശ ധാരാള

മുണ്ടെങ്കിൽ, മററു ചിലതിനു് ഒരു രോമംപോലും മുഖത്തെങ്ങും കുരുക്കുകയില്ല. ചില പ്രദേശങ്ങളിൽ ഏഴടിപൊക്കമുള്ള ശൂരന്മാരെ കാണാമെങ്കിൽ മററു ചില പ്രദേശങ്ങളിൽ നാലടിപൊക്കം പോലുമില്ലാത്ത ഭീരുക്കളെയും ചതിയന്മാരെയു മാണു് കാണുന്നതു്.

സംസ്കാരത്തിലും ഈ വർഗ്ഗങ്ങൾ തമ്മിൽ അത്യന്തം വ്യത്യാസമുണ്ടു്. സഹാറാമരുഭൂമിയുടെ തെക്കെ അതിർത്തിയിൽ ജീവിക്കുന്ന ഹൗസാ എന്ന മുസ്ലീം വർഗ്ഗം ആടുമാടുകളെ വളർത്തുകയും, കൃഷി ചെയ്കയും; പായ്, കുട്ട, വസ്ത്രങ്ങൾ മുത ലായ്‌വ ഉണ്ടാക്കുകയും, മനോഹരമായ തുകൽ സാ മാനങ്ങൾ വ്യവസായം ചെയ്കയും ചെയ്യുന്നു. കല്ലും മണ്ണും കൊണ്ടു് ഉറപ്പുള്ള നല്ല വീടുകൾ പ ണിയാൻ അവക്കു കഴിയും. വെള്ളക്കാരുമായുള്ള കച്ചവടത്തിൽ ഏപ്പെടുന്നതിനും, സ്വയം ഭരി ക്കുന്നതിനും, സ്വന്തം കോടതികൾമുഖേന തക്ക ങ്ങൾ തീരുമാനിക്കുന്നതിനും പോരുന്നവരാണു് ഈ വർഗ്ഗക്കാർ.

ഇതിനു നേരെ വിരുദ്ധമാണു് നീഗ്രോ ജാതി യിൽപെട്ട നാരൺവർഗ്ഗം. കലഹാരി മരുഭൂമിക്കു സമീപമാണു് ഇവർ ജീവിക്കുന്നതു്. കൃഷി, കച്ച വടം എന്നിവയൊന്നും ഇവക്കറിവില്ല. കായ്ക നികൾ, മുയലുകൾ, തുടങ്ങിയ ചെറുമൃഗങ്ങൾ

എന്നിവയാണു് ഇവരുടെ ആഹാരസാധനങ്ങൾ. കേവലം പ്രാകൃതമായ ഒരുവക മൺകുടിലുകൾ ഉണ്ടാക്കാൻ നാരൺ സ്ത്രീകൾക്കറിയാം. വലിയ മൃഗങ്ങളെയൊന്നും നായാടി സമ്പാദിക്കാനുള്ള ശേഷി ഈ വർഗ്ഗക്കാർക്കുണ്ടായിട്ടില്ല. കാട്ടുജന്തുക്കളും ഇവരുംകൂടി ഒരേ കുഴിയിലെ വെള്ളമാണു് ഉപയോഗിക്കാറുള്ളതു്. ഈ മൃഗങ്ങൾ ഭയന്നു് പൊയ്പ്പോയെങ്കിലോ എന്നു കരുതി ഇവർ ആ മാതിരി കുഴികളിൽനിന്നു് ഒരു മൈലെങ്കിലും ദൂരെ മാത്രമേ താമസിക്കുകയുള്ളു. മൃഗങ്ങളെ ഭയപ്പെടുത്തി ഓടിച്ചുകളഞ്ഞാൽ പിന്നെ അവയെ തേടിപ്പിടിക്കാൻ സാധിക്കയില്ലല്ലോ. കുടിലുകളിൽ ആളുകൾ വർദ്ധിക്കുമ്പോൾ പ്രായമായ ആൺകുട്ടികൾ വെളിയിൽ കിടന്നുറങ്ങിക്കൊള്ളും. ഒട്ടകപ്പക്ഷികളുടെ മുട്ടത്തോടും, മരപ്പാത്രങ്ങളും മാത്രമാണു് ഈ വർഗ്ഗത്തിൻെറ സാമാനങ്ങൾ. ഒരു കുഴിയിലെ വെള്ളം വററുമ്പോൾ മററു സ്ഥലങ്ങളിലേയ്ക്കു് ഇവർ കൂട്ടത്തോടെ താമസം മാററുന്നു. വില്ലു് എല്ലുകൊണ്ടു മുന വച്ച അമ്പു് എന്നിവയാണു് ഇവരുടെ ആയുധങ്ങൾ. കൃഷിമാത്രമല്ല, ജന്തുക്കളെ വളർത്തി ഉപയോഗപ്പെടുത്തുന്ന വിദ്യയും നാരൺ വർഗ്ഗത്തിനറിഞ്ഞുകൂടാ.


വെള്ളക്കാർ ആഫ്രിക്കയിൽ വന്നപ്പോൾ കരിമ്പു്, പരുത്തി, കാപ്പി മുതലായവ കയററു

മതിയ്ക്കുവേണ്ടി കൃഷിചെയ്യാനാരംഭിച്ചു പക്ഷേ ആഫ്രിക്കയിലെ ശീതോഷ്ണസ്ഥിതിയിൽ പണിയെടുക്കാൻ അവക്ക് അത്ര എളുപ്പമല്ലെന്നു കണ്ടു് സ്ഥലത്തുള്ള നാടൻ വർഗ്ഗക്കാരെ കൃഷിക്കാരായി ഏർപ്പെടുത്താൻ അവർ ശ്രമിക്കേണ്ടിവന്നു. പ്രസ്തുത വർഗ്ഗങ്ങൾക്കു് ഒന്നിനുംവേണ്ടി ആരെയും ആശ്രയിക്കേണ്ട ആവശ്യമില്ലായിരുന്നു. അതിനാൽ വെള്ളക്കാർ ഇന്ത്യയിൽ നിന്നു് കൂലിക്കാരെ വരുത്തി കൃഷിചെയ്യിക്കാൻ തുടങ്ങി. കാലക്രമത്തിൽ ഈ കൂലിക്കാർ ഭൂമിയുടമസ്ഥരും കച്ചവടക്കാരുമായിത്തീർന്നു. അതോടെ വെള്ളക്കാക്ക് അവരെ അമർച്ച ചെയ്യേണ്ട ആവശ്യം നേരിട്ടു. ആഫ്രിക്കയിൽ ഇപ്പോൾ അഞ്ചുലക്ഷത്തോളം ഇന്ത്യാക്കാർ കുടിയേറിയിട്ടുണ്ടു്. വെള്ളക്കാരും ഇവരും തമ്മിലുള്ള അവകാശമത്സരങ്ങളും ലഹളകളും പല കുഴപ്പങ്ങൾക്കു ഇടയാക്കിയിട്ടുണ്ടെന്നു് പ്രസിദ്ധമാണു്. ദക്ഷിണാഫ്രിക്കയിൽ മഹാത്മാഗാന്ധി ആദ്യം തന്റെ അക്രമരാഹിത്യപ്രസ്ഥാനം പരീക്ഷിച്ചു് വിജയം പ്രാപിച്ചതു് വെള്ളക്കാക്കെതിരായി ഇന്ത്യാക്കാരുടെ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടിയുള്ള സമരത്തിലായിരുന്നു.

സംസ്കാരത്തിലോ പരിഷ്കാരത്തിലോ ഇന്ത്യാക്കാരും ആഫ്രിക്കൻ വർഗ്ഗങ്ങളും തമ്മിൽ

യാതൊരു സാമ്യവുമില്ല. ഇന്ത്യാക്കാക്ക് ഒരു പ്രാചീന പരിഷ്കാരവും ചരിത്രവും ഉണ്ട്. ആഫ്രിക്കാക്കാക്ക് തല്ലദിവസംവരെയുള്ള ജീവിതം ഇരുട്ടാണ്. വിദ്യാഭ്യാസം എന്നൊന്നിനെപ്പററി അവർ അറിഞ്ഞിരുന്നില്ല. ഒരു തനി ആഫ്രിക്കൻ ചില നൃത്തവിശേഷങ്ങളും, ആംഗ്യങ്ങളുംകൊണ്ട് സകല വികാരങ്ങളും വിചാരങ്ങളും അവൻറ കൂട്ടുകാരെ അറിയിക്കും. ഇപ്പോഴും ഈ സമ്പ്രദായം ഒരു വിനോദപ്രകടനം എന്ന നിലയിൽ മാത്രമേ പലേടത്തും ശേഷിക്കുന്നുള്ളു. എങ്കിലും യൂറോപ്യൻ വേഷത്തിൽ ചികിത്സ നടത്തുന്ന നീഗ്രോ ഡാക്ടരുടെ അടുക്കൽനിന്ന് വളരെ അകലെയല്ലാതെ അയാളുടെ വർഗ്ഗക്കാരായ മന്ത്രവാദ ചികിത്സകന്മാരെയും മനുഷ്യമാംസപ്രിയരേയും കാണാൻ കഴിയുകയില്ല. ഇന്ന് പഠിത്തമുള്ള ആഫ്രിക്കന്മാക്ക് വിദ്യാഭ്യാസം നൽകിയതു് ചില ക്രിസ്ത്യൻ മിഷനറി സ്കൂളുകളാണ്. ഇങ്ങനെ പരിഷ്കാരം പ്രാപിക്കാൻ ആരംഭിച്ചിരിക്കുന്ന പ്രദേശങ്ങളിലൊന്നാണ് നൈജീറിയ. ഗോൾഡ്കോസ്റ്റ് മറെറാന്ന്. ഇവിടങ്ങളിലെ കൊക്കോ കൃഷി യൂറോപ്യന്മാരെ ആകർഷിക്കാനിടയായി. ജനങ്ങളുടെ സഹകരണം ഈ പ്രദേശങ്ങളിൽ അവക്ക് ലഭിക്കാതിരുന്നുമില്ല. ഇപ്പോൾ കാനോ എന്നൊരു

## ആഫ്രിക്കയിലെ മനുഷ്യവർഗ്ഗങ്ങൾ



1. അബിസീനിയായിലെ ക്ണാമാവർഗ്ഗത്തിലുള്ള ഒരാൾ
2. മദ്ധ്യ ആഫ്രിക്കയിലെ കോംബിവർഗ്ഗത്തിൽപെട്ട സ്ത്രീ.
3. തെക്കേ ആഫ്രിക്കയിലെ സുളുവർഗ്ഗത്തിൽപെട്ട സ്ത്രീ
4. താങ്കനിക്കായിലെ ഹാമിററിക്ക് വർഗ്ഗത്തിൽപെട്ട ഒരാൾ.
5. പടിഞ്ഞാറേ ആഫ്രിക്കയിൽ ഫാൻററിവർഗ്ഗത്തിൽപെട്ട സ്ത്രീ.
6. ബൽജിയം കോംഗോയിലെ ബാക്കുമസു് വർഗ്ഗത്തിലുള്ള സ്ത്രീ.

നാടൻ പട്ടണം തനി യൂറോപ്യൻമട്ടിൽ യൂറോപ്യന്മാർ തന്നെ നാട്ടുകാർക്കുവേണ്ടി പണി കഴിച്ചു കൊടുത്തിട്ടുണ്ടു്. നൈജീറിയൻ ഗ്രാമപ്രദേശ നങ്ങൾക്കുള്ളിൽ നാട്ടുകാരും യൂറോപ്യന്മാരും ത മ്മിലുണ്ടായ ഈ സഹകരണം ഒരു അത്ഭുതമാണു്.

എന്നാൽ എല്ലായിടത്തും ഈ സഹകരണ മില്ലെന്നു നേരത്തെ സൂചിപ്പിച്ചു. തെക്കെ ആഫ്രി ക്കയിലാണു് വർണ്ണവ്യത്യാസത്തിൻെറ ഫലമാ യി ഇന്ത്യാക്കാരും വെള്ളക്കാരും തമ്മിൽ മത്സര ങ്ങൾ ഉണ്ടായതെന്നും കണ്ടു.

ഇവിടത്തെ നിവാസികൾ ബാൻറു്, ഹോട്ടൻ ടോട്ടു് തുടങ്ങിയ ആഫ്രിക്കൻവർഗ്ഗക്കാരും, ആദ്യ കാലങ്ങളിൽ കുടിയേറിയ ബൂവർമ്മാരും (ഡച്ചു കാർ), ഇന്ത്യാക്കാരുമാണു്. ആഫ്രിക്കൻ വർഗ്ഗങ്ങ ളുടെ പരിഷ്കാരം ഒരു വിഷമപ്രശ്നമായിട്ടാ ണു് തീർന്നിരിക്കുന്നതു്. എങ്കിലും അവരിൽതന്നെ പലരും വെള്ളക്കാരെപ്പോലെ ജീവിതം പരിഷ്ക രിക്കുന്നതിനാൽ ആ പ്രശ്നം തനിയേ തീരുമാ നിക്കപ്പെടുന്നുണ്ടെന്നു പറയാം. യൂറോപ്യൻരീതി യിലുള്ള സംഘടനകൾ പലതും ഇപ്പോൾ ആഫ്രി ക്കാക്കാർ തന്നെ സ്ഥാപിച്ചിരിക്കുന്നു.

ലോഹഖനികൾ, രത്നഖനികൾ എന്നിവ തുടങ്ങി കാഴ്ചികോപ്പുന്നങ്ങൾവരെയുള്ള എണ്ണമറ്റ

## ആഫ്രിക്കയിലെ മനുഷ്യവർഗ്ഗങ്ങൾ



1. ബ്രിട്ടീഷ് സോമാലിലാൻറിലെ ഒരു മന്ത്രവാദി
2. കെനിയായിലെ മാസായിവർഗ്ഗത്തിലുള്ള ഒരു സ്ത്രീ.
3. കാമറൂൺസിലെ ഫൌലുംബി വർഗ്ഗത്തിലുള്ള ഒരു കന്യക.
4. മൊറോക്കോയിലെ യഹൂദൻ.
5. ഈജിപ്ററിൽ നൈൽ തീരത്തുള്ള ഒരു മീൻ പിടിത്തക്കാരൻ.
6. നൈജീരിയായിലുള്ള ഏലാനി വർഗ്ഗത്തിൽപെട്ട ഒരാൾ.

പ്രകൃതിവിഭവങ്ങൾ അളവറ്റ തോതിൽ ആഫ്രിക്കയിലുണ്ടു്. അവയെ പ്രയോജനപ്പെടുത്താൻ നാട്ടുകാൎക്കു് അറിവില്ലാത്തതിനാൽ വെള്ളക്കാരുടെ സഹായം കൂടിയേ കഴിയൂ. വെള്ളക്കാൎക്കു തനിയേ അവിടത്തെ ശീതോഷ്ണസ്ഥിതിയിൽ നാട്ടുകാരേപ്പോലെ പണിയെടുക്കാനും വയ്യ. അതിനാൽ വെള്ളക്കാരുടെ മേൽനോട്ടത്തിൽ നാട്ടുകാർ പ്രവൎത്തിച്ചാൽമാത്രമേ ആഫ്രിക്ക അഭിവൃദ്ധിപ്പെടുകയുള്ളൂ. ഇങ്ങനെ പ്രകൃതിതന്നെ ഭിന്നവൎഗ്ഗങ്ങളുടെ സഹകരണത്തിലാണു് അഭിവൃദ്ധി സ്ഥിതിചെയ്യുന്നതെന്നുള്ള പാഠം പഠിപ്പിക്കുന്നുണ്ടു്. ആഫ്രിക്കയുടെ വടക്കുപടിഞ്ഞാറു് ആററ്ലസ് പൎവതത്തോടു ചേൎന്നു് മെഡിററേനിയൻ തീരത്തിൽ കിടക്കുന്ന മൊറോക്കോ എന്ന പ്രദേശം വെള്ളക്കാരായ ഫ്രഞ്ചുകാരുടെ ആധിപത്യത്തിനിടയിൽ മേൽപ്രകാരം കുറെ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടു്. ജൂതന്മാർ, ബെർബർ വർഗ്ഗക്കാർ എന്നിവരാണു് പ്രധാനമായി മൊറോക്കോയെ അധിവസിക്കുന്നതു്.

ചരിത്രപ്രസിദ്ധമായ ഈജിപ്ററു് ആണു് ഇങ്ങനെ വെള്ളക്കാരുടെയും നാട്ടുകാരുടെയും സഹകരണത്താൽ അഭിവൃദ്ധിപ്പെട്ട മറ്റൊരു ആഫ്രിക്കൻ പ്രദേശം. ഒരു കാലത്തു ലോകത്തിലെ ആദിമ പരിഷ്കാരത്തിന്റെ ഇരിപ്പിടമായിരുന്ന ഈജി

പ്ററവ്. നൈൽനദി വഴി അബിസീനിയാ, ഉഗാൻഡാ, ടൻഗനെകാ മുതലായ മദ്ധ്യാഫ്രിക്കൻ ഉന്നത ഭൂമികളിൽ നിന്നു് ഒഴുകിവരുന്ന ഏക്കൽ അടിഞ്ഞടിഞ്ഞു് അനേകായിരം കൊല്ലംകൊണ്ടു് ഈജിപ്ററവ് ഫലസമൃദ്ധിയുള്ള പ്രദേശമെന്നു കേൾവിപ്പെട്ടിരിക്കുന്നു. നൈൽനദി ഇല്ലായിരുന്നെങ്കിൽ 600 മൈൽ നീളവും 20 മൈൽ വീതിയുമുള്ള ഈ പ്രദേശം വെറും മരുഭൂമിയായിത്തന്നെ ശേഷിക്കുമായിരുന്നു. വാസ്തവത്തിൽ സഹാറാ മരുഭൂമിയുടെ കിഴക്കേ അററത്തു് നൈൽനദി അതിന്റെ ഇരുകരകളിലുമായി സൃഷ്ടിച്ച ഒരു മരുപ്പച്ചപ്രദേശമാണു് ഈജിപ്ററവ്. ഈ ഇടുങ്ങിയ ഭൂമിയുടെ കിഴക്കുവശത്തും പടിഞ്ഞാറുവശത്തും കണ്ണെത്താത്ത മരുഭൂമി മാത്രമേയുള്ളു.

കൊല്ലംതോറുമുള്ള വെള്ളപ്പൊക്കത്തെ ആശ്രയിച്ചാണു് ഈ മരുപ്പച്ചയിൽ ജീവൻ നിലനില്ക്കുന്നതു്. വെള്ളപ്പൊക്കമുണ്ടായില്ലെങ്കിൽ കാര്യമെല്ലാം കുഴപ്പംതന്നെ. അതിനാൽ വെള്ളപ്പൊക്കമില്ലെങ്കിലും ഈജിപ്ററവ് ക്ലേശിക്കാനിടയാകാത്ത വിധത്തിൽ അസ്വൻ എന്ന തെക്കൻ അതിർത്തിസ്ഥലത്തു് ബ്രിട്ടീഷുകാർ അണകെട്ടി. ഈ അണ നിമിത്തം വെറും മരുഭൂമിയായിക്കിടന്നിരുന്ന ചില പ്രദേശങ്ങൾ കൃഷി ചെയ്യാൻ സാധി

ച്ചിട്ടുണ്ട്. ഇങ്ങനെ കോംഓംബോ എന്ന സ്ഥലത്തു് നാല്പതു ഗ്രാമങ്ങളും, 50000 ആളുകളും പുതുതായി ഉണ്ടായിരിക്കുന്നു. കരിമ്പു്, ഗോതമ്പു്, ഏത്തവാഴ, മററു സസ്യങ്ങൾ എന്നിവ ഇപ്പോൾ അവിടെ കൃഷിചെയ്തുവരുന്നുണ്ടു്. വെള്ളപ്പൊക്കമുണ്ടായില്ലെങ്കിൽത്തന്നെയും ഈജിപ്ററിനു ജലം ശേഖരിച്ചു് തോടുകൾ വഴി കൃഷിക്കായി ഉപയോഗിക്കാൻ സാധിക്കുമെന്ന ദിക്കായിട്ടുമുണ്ടു്.

ഈജിപ്ററിൻെറ അതിത്തിയിൽ ഏഷ്യയുമായി കൂട്ടിമുട്ടുന്ന സ്ഥാനത്തു് സൂയസ്നഗരം സ്ഥിതിചെയ്യുന്നു. ചെങ്കടലിനെയും മദ്ധ്യധരണ്യാഴിയെയും യോജിപ്പിക്കുന്ന പ്രസിദ്ധമായ സൂയസ് തോടു് ഇവിടെയാണു് യൂറോപ്യന്മാർ കുഴിച്ചിട്ടുള്ളതു്. ഇന്ത്യ, ബമ്മാ, ചൈന, ജപ്പാൻ, ആസ്ട്രേലിയ എന്നിങ്ങനെ ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നു് ചരക്കുമായി പാശ്ചാത്യരാജ്യങ്ങളിലേക്കു പോകുന്ന കപ്പലുകൾ ഈ തോട്ടിൽക്കൂടിയാണു് സഞ്ചരിക്കുന്നതു്. പാശ്ചാത്യരാജ്യങ്ങളെ പൌരസ്ത്യരാജ്യങ്ങളുമായി ഘടിപ്പിക്കുന്നതു് സൂയസ് തോടാണെന്നു് പറയാം. അതിനാൽ പാശ്ചാത്യരാജ്യങ്ങളിലെ വ്യവസായച്ചരക്കുകളുമായി പൌരസ്ത്യരാജ്യങ്ങളിലേക്കു വരുന്ന കപ്പലുകളും

സൂയസ് തോട്ട് കടക്കണമെന്നു സ്പഷ്ടമാണ്. ഇന്ത്യയിൽനിന്ന് സൂയസ്‌വഴി യൂറോപ്പ്, അമേരിക്കാ എന്നിവിടങ്ങളിലേക്ക് അയയ്ക്കപ്പെടുന്ന ഒരു പ്രധാന സാധനമാണ് ചണം. ചരട്, ന്തൽ, സഞ്ചി എന്നിവ കൂടാതെ വെള്ളക്കാർ ധരിക്കുന്ന കോട്ടിന്റെ അകത്തെ തുണികൾപോലും ചണം കൊണ്ടാണ് ഉണ്ടാക്കുന്നത്. ഇന്ത്യയിൽനിന്ന് ഒരു വർഷം പാശ്ചാത്യരാജ്യങ്ങളിലേക്ക് അയയ്ക്കുന്ന ചണം നെടുകെ നീട്ടിയാൽ ചന്ദ്രനിലെത്തിയിട്ട് തിരിയെ മറ്റൊരു മടക്കായി ഭൂമിയിലെത്താൻതക്കവിധം അത്ര അധികമാണ്.

## 3. ഇന്ത്യൻ തൊഴിലാളികൾ

ഇന്ത്യയിൽ ബംഗാളാണു് ചണം കൃഷിക്കു് കേന്ദ്രീകരിക്കപ്പെട്ട സ്ഥലം. ലോകത്തിലെ ഒരു പ്രധാന നഗരമായ കൽക്കട്ടാവഴി ഇതു് കപ്പൽ കയററി അയയ്ക്കപ്പെടുന്നു. കയററുമതി ചെയ്യുന്ന ചരക്കുകളാക്കുന്നതിനുവേണ്ടി കല്ക്കട്ടായിൽ അറുപതിൽ പരം ചണമില്ലുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. ഇവയിലെല്ലാംകൂടി അറുപതിനായിരം തറികളും, പത്തുലക്ഷത്തിൽപരം തക്ലികളും പ്രവർത്തിക്കുന്നു. ഈ പത്തുലക്ഷം തൊഴിലാളികളാണു് ചണനിലങ്ങളിലും, നദിവഴിയുള്ള കയററിറക്കുകളിലും, മില്ലുകളിലുംകൂടി ആകെ ജോലി ചെയ്യുന്നതു്. ഇവരിൽ ചണവയലുകളിലെ ജോലിക്കാർ അധികവും സ്ത്രീകളാണു്. ഇന്ത്യയിലെ ജനങ്ങൾ അധികവും കൃഷിവലന്മാരാണെന്നു് പ്രസിദ്ധമാണല്ലോ. എന്നാൽ കല്ക്കട്ടായും, പശ്ചിമതീര തുറമുഖമായ ബാംബെയും കണ്ടാൽ ഇന്ത്യാക്കാർ വ്യവസായികളാണെന്നാണു് തോന്നുക. അത്രയേറെ വ്യവസായങ്ങളും, അവയിലായി ഒട്ടേറെ തൊഴിലാളികളും ഈ തുറമുഖനഗരങ്ങളിൽ കാണപ്പെടുന്നു.

പക്ഷേ കല്ക്കട്ടാ, ബാംബേ, മദ്രാസ്, ഹൈദരബാദ് എന്നീ മഹാ നഗരങ്ങളിലുള്ള ആകെ

ജനസംഖ്യപോലും ഇന്ത്യയിലെ ജനസംഖ്യയുടെ ഒരു തുച്ഛമായ അംശം മാത്രമേ ആകുന്നുള്ളു.

ഇന്ത്യയെ കാണേണ്ടതു് പട്ടണങ്ങളിലല്ല, ഗ്രാമങ്ങളിലാണു്. ആകെ ഏഴു ലക്ഷം ഗ്രാമങ്ങൾ ഇന്ത്യയിലുണ്ടു്. ഇവയിലെ നീണ്ടു പരന്നു കിടക്കുന്ന വയലുകളിൽ ഇന്നത്തെ കാർഷികസാമഗ്രികളൊന്നും കൂടാതെ പ്രഭാതംമുതൽ പ്രദോഷംവരെ എല്ലുമുറിയെ പണിയെടുക്കുന്ന ലക്ഷക്കണക്കിനുള്ള കൃഷിവലന്മാരെ കാണാം. യന്ത്രോപകരണങ്ങൾ ഇല്ലാത്തതിനാൽ ഇവക്കു് ഒരു പാശ്ചാത്യ കൃഷിവലൻ ഒരു ദിവസം ചെയ്യുന്ന ജോലി ചെയ്യാൻ ആറാഴ്ച വേണ്ടിവരുന്നു. ഗംഗാനദി ഒഴുകുന്ന ആയിരം മൈൽ നീളമുള്ള ഹിന്ദുസ്ഥാൻ സമതലമാണു് ഇന്ത്യയിലെ ഏററവും വലിയ കാർഷികപ്രദേശം. ഇവിടെ നെല്ലു്, ഗോതമ്പു്, ബാർളി, ഉരുളക്കിഴങ്ങു് മുതലായവ ധാരാളം കൃഷിചെയ്തുവരുന്നു. എന്നാൽ തേയില, പരുത്തി, ചണം എന്നിവയുടെ വൻപിച്ച തോട്ടങ്ങൾക്കു സമീപമുള്ള ഗ്രാമങ്ങളാണു് കൂടുതൽ ഐശ്വര്യമുള്ളവയായി കാണുന്നതു്. ഇന്ത്യൻ കർഷകൻ ലോകത്തിലേയ്ക്കു് ഏററവും ദരിദ്രനാണെന്നും, അവനു് ഒരു ദിവസം രണ്ടണയിൽ കൂടുതൽ വര

വില്ലെന്നും പ്രസിദ്ധമാണ്. മററു രാജ്യങ്ങളിൽ രണ്ടും മൂന്നും രൂപയാണ് ഒരു ദിവസത്തെ കർഷ കവരുമാനം.

ഇന്ത്യയിലെ ആകെ 34 കോടി ആളുകളിൽ 16 ലക്ഷവും കൊക്കപ്പുഴുവിനും, മലമ്പനിക്കും ഇരയായിത്തീരുന്നു. വേലചെയ്യാനും ജീവിതസുഖം അനുഭവിക്കാനും ഉള്ള ഉത്സാഹമെല്ലാം നശിക്കാൻ ഈ രോഗങ്ങൾ മതി. പതിനഞ്ചുലക്ഷം ആളുകൾ ഇന്ത്യയിൽ അന്ധന്മാരാണ്. മററു രോഗങ്ങൾ, ശിശുമരണങ്ങൾ എന്നിവ ഒട്ടും കുറവുമല്ല. വിദ്യാഭ്യാസത്തിലും ഇന്ത്യ വളരെ പിന്നിലാണ്. പതിനഞ്ചു ശതമാനം ആളുകൾക്കുമാത്രമേ ഇന്ത്യയിൽ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളു. അനേകലക്ഷം ഗ്രാമീണർക്ക് എഴുതാനും വായിക്കാനും അറിഞ്ഞുകൂടാ. ഒരു പള്ളിക്കൂടംപോലുമില്ലാത്ത ഗ്രാമങ്ങൾ നിരവധിയാണ്. എങ്കിലും ഇന്ത്യാക്കാർ പഴയകാലത്തെ പാരമ്പര്യങ്ങളിലും ആചാരങ്ങളിലും അടിയുറച്ചിരിക്കുന്നു. വിദ്യാഭ്യാസമില്ലാത്ത കുറവു പരിഹരിക്കുന്നതു് ആചാരാദികളാണ്. അതിനാൽ അത്യന്തം ദൃഢമായ ഒരു സംസ്കാരം ഇന്ത്യയിലെങ്ങും നിലവിലിരിക്കുന്നു. പക്ഷേ ഇതിൻെറ ഒരു വലിയ ദോഷം ജാതിവ്യത്യാസമാണ്. ഇന്ത്യയുടെ ഒരു വലിയ ശാപം ഇതാണെന്നു് കരുതപ്പെടുന്നു

## ഇൻഡ്യയിലെ മനുഷ്യവർഗ്ഗങ്ങൾ



1. തെക്കേ ഇൻഡ്യയിലെ ദ്രാവിഡർ
2. കേരളത്തിലെ ഒരു ബ്രാഹ്മണ ബാലൻ
3. തെക്കേ ഇൻഡ്യയിലെ സന്യാസി
4. ഡൽഹിയിലെ സവർണ്ണ ഹിന്ദു സ്ത്രീ

[stamp]



ഹിന്ദുക്കളെ കൂടാതെ, മുസ്ലീങ്ങൾ, പാഴ്സികൾ, ക്രിസ്ത്യാനികൾ, ജയിനന്മാർ, ബുദ്ധമതക്കാർ എന്നിവരും ഇന്ത്യയിലുണ്ടു്. ഇന്ത്യാക്കാരുടെ ഒരു പ്രധാന ലക്ഷണം മതത്തോടുള്ള അഭിനിവേശവും, ആചാരപ്രതിപത്തിയുമാണു്.

ജാതിവ്യത്യാസം, മതവ്യത്യാസം, വർഗ്ഗവ്യത്യാസം, ഭാഷാവ്യത്യാസം എന്നിങ്ങനെ പലതും ഇന്ത്യയെ പല പല തുണ്ടുകളായി വെട്ടിമുറിച്ചിരിക്കുന്നു. യൂറോപ്പിന്റെ പകുതിയോളം വരുന്ന ഒരു ഉപഭൂഖണ്ഡമാണു് ഇന്ത്യ എന്നോക്കുമ്പോൾ ഈ വ്യത്യാസങ്ങൾ സ്വാഭാവികമാണെന്നു കാണാം. അനേകായിരം കൊല്ലങ്ങൾക്കു മുൻപു മുതൽ ഇന്ത്യയിൽ അനേകം വർഗ്ഗങ്ങൾ കുടിയേറുകയും ആക്രമിക്കുകയും ചെയ്തിട്ടുണ്ടു്. അതിൻെറ ഫലമായി മനുഷ്യജാതിയിലെ എല്ലാ വർഗ്ഗങ്ങളെയും ഇന്നും ഇന്ത്യയിൽ കാണാം. ഇരുനൂറിൽപരം ഭാഷകളാണു് ഇന്ത്യയിൽ സംസാരിക്കപ്പെടുന്നതു്. അതിനാൽ ഇന്ത്യാക്കാർക്കു് പൊതുവിൽ സംസാരിക്കാനുള്ള ഭാഷ വിദേശികളായ ഭരണാധികാരികളുടെ ഇംഗ്ലീഷ് ഭാഷയാണെന്നു വന്നിട്ടുണ്ടു്. തമ്മിൽ യോജിക്കാത്തവരെ ഭരിക്കാൻ വിദേശികൾ വന്നുചേരും. തമ്മിലറിയാത്ത ഭാഷകൾ ഉള്ളപ്പോൾ വിദേശികളുടെ ഭാഷ പഠിക്കേ

1025
32307



## ഇൻഡ്യയിലെ മനുഷ്യവർഗ്ഗങ്ങൾ



പഞ്ചാബിലെ
സിക്കുകാരൻ



ഹിമാലയപ്രദേശത്തെ
ഒരു വൃദ്ധ



ഡൽഹിയിലെ
ഒരു മുസ്ലീം

ണ്ടതായും വരുമെന്നുള്ളതിന് ഉദാഹരണമാണ് ഇന്ത്യ. ഈ ദോഷം നീക്കംചെയ്യാൻ ഇപ്പോൾ ഹിന്ദിയെ ഇന്ത്യയുടെ പൊതുഭാഷയാക്കാനുള്ള ശ്രമം വിജയകരമായി നടത്തിവരുന്നു. ആ ഭാഷ നേരത്തെ തന്നെ ഇന്ത്യയിലെ ഭൂരിപക്ഷം ആളുകൾ സംസാരിക്കുന്നതാണ്. തെക്കെ ഇന്ത്യയിലെ ദ്രാവിഡർ, മദ്ധ്യോത്തരേന്ത്യയിലെ ഇൻഡോ ആര്യന്മാർ, അവിടെയുള്ള മംഗോളിയർ എന്നിവരെയെല്ലാം ഹിന്ദിഭാഷ യോജിപ്പിക്കുമെന്ന് വിചാരിക്കപ്പെടുന്നു.

വിദൂര പൂർവദേശങ്ങളെന്നറിയപ്പെടുന്ന കിഴക്കൻ ഏഷ്യാററിക് പ്രദേശങ്ങൾ, പാശ്ചാത്യദേശങ്ങളെന്നറിയപ്പെടുന്ന യൂറോപ്പ്, അമേരിക്ക, മദ്ധ്യ പൂർവപ്രദേശങ്ങളെന്നറിയപ്പെടുന്ന മദ്ധ്യധരണ്യാഴിപ്രദേശങ്ങൾ എന്നിവയുടെ മദ്ധ്യേ കിടക്കുന്ന ഇന്ത്യ അതിപുരാതന കാലംമുതൽ കച്ചവടം, ആക്രമണം, വിജ്ഞാനവിതരണം എന്നിവ മൂലം ലോകത്തിലെ എല്ലാ വർഗ്ഗങ്ങളുടെയും സമ്മേളന സ്ഥലമായിരുന്നിട്ടുണ്ട്. അതുകൊണ്ട് ഐക്യം, വർഗ്ഗദാർഢ്യം, എന്നിവ ഇന്ത്യയിൽ സാധിക്കാതെ വന്നു. സംഘടനാ സാദ്ധ്യത കുറഞ്ഞപ്പോൾ സമ്പത്തിൻെറ ഉല്പാദനം കുറയുകയും ദാരിദ്ര്യം വർദ്ധിക്കയും ചെയ്തു. അന്യർ ഇന്ത്യയെ ഭരിക്കാനിടയായതും ഇതുകൊണ്ടു തന്നെയാണ്. ചുരുക്കിപ്പറഞ്ഞാൽ ഏററവും ഉൽകൃഷ്ടമായ വിജ്ഞാനത്തോടൊപ്പം കടുത്ത അജ്ഞത, ലോകപ്രസിദ്ധമായ സമ്പത്തിനോടൊപ്പം എണ്ണമില്ലാത്ത ദാരിദ്ര്യം, എന്നിങ്ങനെ പരസ്പരവിരുദ്ധതകളുടെ ഒരു നാടാണ് ഇന്ത്യ. എങ്കിലും ഒററനോട്ടത്തിൽ കാണുന്നതുപോലെ ഇന്ത്യൻ സംസ്കാരം അത്ര വിവേകശൂന്യമല്ല. കന്നുകാലികളെ മേച്ച് ഒരുവിധം ജീവിക്കുന്ന ഇന്ത്യൻ, അമേരിക്കൻ കോടീശ്വരന്മാരേക്കാൾ വിവേകശാലിയാണെന്നു

തെളിയുന്നുണ്ട്. വ്യവസായത്തെ ആശ്രയിക്കുന്ന കോടീശ്വരന്മാർ യുദ്ധങ്ങൾമൂലം ആത്മഹത്യ ചെയ്യേണ്ടി വന്നപ്പോഴും ഇന്ത്യൻ കർഷകൻ പറയത്തക്ക അല്ലലൊന്നും കൂടാതെ ഏറെക്കുറെ തൃപ്തനായിത്തന്നെ കഴിഞ്ഞുകൂട്ടുകയാണു ചെയ്തതു്. ധനത്തിന്റെ അസ്ഥിരത അവനെ സ്പർശിച്ചതേയില്ല.

ധനാഗമമാർഗ്ഗം എന്തെന്നാലോചിച്ചാൽ അതു് വ്യവസായവും യന്ത്രവുമല്ല, കൃഷിയും പ്രയത്നവുമാണെന്നു കാണാം. സ്വാസ്ഥ്യശക്തി എന്നതു് പ്രകൃതിയെ ജയിക്കുന്ന കണ്ടുപിടിത്തങ്ങളല്ല. സൂര്യരശ്മി, ശുദ്ധവായു മുതലായവയുമാണ്. ഇതിൻെറ വാസ്തവമറിയാൻ നാം താരതമ്യവിവേചനം ചെയ്യേണ്ടിയിരിക്കുന്നു.

# 4. ചൈനാക്കാർ

ഇൻഡ്യാക്കാരെപ്പോലെതന്നെ തികഞ്ഞ മാമൂൽപ്രിയരാണു് ചൈനാക്കാർ. ഹിമാലയാ പർവ്വതങ്ങൾക്കു വടക്കു് ടിബററിൻെറ വടക്കേ അത്തുത്തിമുതൽ വടക്കോട്ടു നീണ്ടു പരന്നുകിടക്കുന്ന ഒരു മഹാ രാജ്യമാണു് ഇവരുടെ അധിവാസസ്ഥലം. ജനസംഖ്യയിലാണെങ്കിൽ 45 കോടിയിലധികമുണ്ടു്. എങ്കിലും ഇന്ത്യയിലെ ജനങ്ങളുടെ വൈവിദ്ധ്യവും, ഭിന്നതയും അവിടെ ഇല്ല. അനേകായിരം വർഷങ്ങളായി നിലനിന്നു വരുന്ന ചൈനീസ് നാഗരികത ഇടയിലെങ്ങും വിഘ്നങ്ങളോ, കൂട്ടിക്കലർപ്പുകളോ കൂടാതെ ഒരു മഹത്തായ തുടർച്ചയെന്ന നിലയിൽ ആദ്യന്തം ഏകരൂപമായിട്ടാണു് ഇരുന്നിട്ടുള്ളതു്. ചൈനായിൽ വിദേശികളുടെ ആക്രമണങ്ങൾ പറയത്തക്കവണ്ണമുണ്ടായിട്ടില്ല. ആ രാജ്യം അനേകം ജനവർഗ്ഗങ്ങളുടെ സമ്മേളനസ്ഥലമായിരുന്നിട്ടുമില്ല. ഇതാണു് ചൈനീസ് നാഗരികതയുടെ നിർവിഘ്നമായ തുടർച്ചയ്ക്കും, വൈവിദ്ധ്യമില്ലായ്മ, ഭിന്നിപ്പില്ലായ്മ മുതലായവയ്ക്കും കാരണം. മഞ്ഞനിറവും, ചെറുകിയ കണ്ണുകളും, ഉയർന്ന കവിളുകളും ഉള്ള ഒരു വർഗ്ഗമാണു് ചൈനാക്കാർ.

ആദ്യമായി വെടിമരുന്നും അച്ചടിയന്ത്രവും കണ്ടുപിടിച്ചതു് ചൈനാക്കാരാണത്രേ. രണ്ടായിരം

1025

വർഷത്തിനു മുൻപുപോലും ചൈനയിൽ വത്തമാനപ്പത്രങ്ങൾ ഉണ്ടായിരുന്നു. എന്നിരുന്നാലും, ഇംഗ്ലീഷ് ഭാഷയ്ക്ക് ഇരുപത്തിയാറും, നമ്മുടെ ഭാഷയ്ക്ക് അൻപത്തിയൊന്നും അക്ഷരങ്ങൾമാത്രമുള്ളപ്പോൾ ചൈനീസ് ഭാഷയ്ക്ക് മൂവ്വായിരത്തിൽപരമുണ്ട്. ചൈനീസ് അക്ഷരമാല മുഴുവൻ പഠിക്കുന്നവർ ചുരുക്കമാണ്. എല്ലാവരും ഒന്നുപോലെ വിദ്യാഭ്യാസം ചെയ്യണമെന്നു ചൈനാക്കാർ ഉദ്ദേശിച്ചിരുന്നില്ല. എല്ലാ ജനവർഗ്ഗങ്ങളും ഇക്കാര്യത്തിൽ യോജിച്ചിരുന്നു എന്ന് ഇന്ത്യ, ഗ്രീസ്, ഈജിപ്റ്റ്, യൂറോപ്പ് എന്നിവിടങ്ങളിലെ പഴയ നടപടികൾ തെളിയിക്കുന്നുണ്ട്. മിക്ക വർഗ്ഗങ്ങളിലും ശരിയായ വിദ്യാഭ്യാസം ഒരു കൂട്ടരുടെ മാത്രം അവകാശമായിരുന്നു. മററുള്ളവർ ആ അവകാശത്തെ ചോദ്യംചെയ്തിരുന്നുമില്ല. ലോകവർഗ്ഗങ്ങൾ തമ്മിൽ ഈ സംഗതിയിൽ എവിടെയും ഒരു ഐക്യം കാണാവുന്നതാണ് എന്നു മാത്രമേ തൽക്കാലം മനസ്സിലാക്കേണ്ടതുള്ളൂ.

ചൈനയ്ക്ക് അതിദീർഘകാലത്തെ ഇടതടവില്ലാത്ത ഒരു ചരിത്രവും പരിഷ്കാരവുമാണുള്ളത്. അവിടത്തെ കർഷകരുടെ സംഖ്യ ജനസംഖ്യയിൽ 95 ശതമാനം വരും. അമേരിക്കയിലെ കർഷകർ യന്ത്രങ്ങളുടെ സഹായമെല്ലാമുണ്ടായിരുന്നിട്ടും ചൈനീസ് കർഷകൻെറ പകുതിവിളവുമാത്രമേ ഉല്പാദിപ്പിക്കുന്നുള്ളൂ. ഒരേക്കറിൽ ചൈ

നീസ് കർഷകൻ 100 പറ ഗോതമ്പുണ്ടാക്കി യാൽ, ശാസ്ത്രീയമായ വളങ്ങൾ, യന്ത്രങ്ങൾ കൊണ്ടുള്ള നിലമൊരുക്കൽ എന്നിവയുടെ സഹായമെല്ലാമുള്ള അമേരിക്കൻ കർഷകൻ 50 പറ ഗോതമ്പു മാത്രമേ ഉണ്ടാക്കുകയുള്ളു എന്നത്ഥം. ഇതിനു കാരണം ചൈനീസ് കർഷകന് അനേകായിരം കൊല്ലത്തെ പരിചയം മണ്ണുമായിട്ടുണ്ടെന്നുള്ളതാണ്.

കുടുംബ ബന്ധം ചൈനയിൽ അതിപ്രധാനമാണ്. കുടുംബത്തിൻെറ ചരിത്രം ഓരോ ചൈനാക്കാരനും ഏറെക്കുറെ അറിയാമായിരിക്കും. രാജ്യചരിത്രത്തേക്കാൾ കൂടുതലായി അവർ പഠിക്കുന്നതു് കുടുംബചരിത്രമാണ്. ഓരോ കുടുംബത്തിലും അതിൻെറ അനേകായിരം വർഷത്തെ ചരിത്രം എഴുതി സൂക്ഷിച്ചിരിക്കും. ഒരു കുടുംബം താമസിക്കുന്നതു് ഒരു കൃഷിഭൂമിയുടെ മദ്ധ്യത്തിലാണെന്നിരിക്കട്ടെ അങ്ങനെ അതു് അവിടെ താമസമായിട്ടു് എത്ര കാലമായെന്നു് നിശ്ചയിക്കാൻ പ്രയാസമാണ്. ചില കുടുംബങ്ങൾ 2500 കൊല്ലം പിറകോട്ടു് അതിൻെറ കുടുംബപുരാണം വായിച്ചേക്കും. മാററം എന്നതു് ചൈനാക്കാർ ഇഷ്ടപ്പെ

ടുന്നില്ല. അതിനാൽ ഒരു കുട്ടി തൻെറ കൃഷി ഭൂമിയെപ്പററിയുള്ള അറിവും, പാരമ്പര്യവുംകൊണ്ടാണ് ജനിക്കുന്നതെന്നു പറയപ്പെടുന്നു.

ഇങ്ങനെ അനേകന്തൂററാണ്ടു കാലമായി ഒരേ സ്ഥലത്തുതന്നെ താമസിക്കുന്ന അനേകം കുടുംബങ്ങളുടെ കൂട്ടമാണ് ചൈനയിലെ ഗ്രാമം. അതിൻെറ പൊതുക്കാര്യസ്ഥനായി ഒരു ഗ്രാമാധികാരി ഉണ്ടായിരിക്കും. സ്ഥലത്തെ ന്യായാധിപന്മാർ, ഭരണക്കാർ എന്നിവരെല്ലാം പിൻതുടച്ച് അനുസരിച്ചാണ് ഈ കുടുംബങ്ങളിൽനിന്നു് തങ്ങളുടെ സ്ഥാനം സ്വീകരിക്കുന്നതു്. ഇതു സമുദായജീവിതത്തിൻെറ ദാർഢ്യത്തിന് ഉപകരിക്കുന്നുണ്ടത്രേ. പക്ഷേ കടുത്ത മാമൂൽപ്രിയവും ഇതിൻെറ ഫലമാണു്.

ഈ മാമൂൽ ചൈനയെ രക്ഷിക്കുന്നു എന്നാണു കാണുന്നതു്. ഓരോ കുടുംബത്തിൻെറയും ഭൂമിയോടുള്ള മമത ഒരു ആരാധനയായിത്തീന്നിട്ടുണ്ടു്. ചീനൻെറ ജീവനെ നിലനിറുത്തുന്ന കാണപ്പെട്ട ദൈവമാണ് ഭൂമി. ഏതേതു കാലങ്ങളിൽ ഏതേതു കൃഷിയാണു് ചെയ്യേണ്ടതു്, ഏതുതരം വളങ്ങളാണു് ഓരോന്നിനും ഉപയോഗിക്കേണ്ടതു്, എന്നീവക കാര്യങ്ങൾ അവന്നു് ജന്മാവകാശമായി കിട്ടിയിട്ടുള്ള പാഠങ്ങളാണു്.

പുതിയ യന്ത്രങ്ങളും, വളങ്ങളും ഉപയോഗിക്കാത്തതിനാൽ അവൻ ഇന്ത്യൻ കർഷകനെപ്പോലെ ദരിദ്രനായിത്തന്നെയിരിക്കുന്നു. ചൈനയിലെ 20 ലക്ഷം ചതുരശ്രമൈൽ ഭൂമിയിലെങ്ങും മനുഷ്യന്റെ കൈ കൊണ്ടുള്ള പ്രയത്നമാണ് കാണുന്നത്. വലിയ നഗരങ്ങളിൽപോലും യന്ത്രസഹായംകൊണ്ടുള്ള പ്രവൎത്തനങ്ങൾ ചുരുക്കമാണ്. അവയിൽ ഒരു മോട്ടാർകാർ കണ്ടുപിടിക്കാൻ തന്നെ വിഷമമായിരിക്കും.

ചൈനയിലെ ജനങ്ങളിലധികവും അധിവസിക്കുന്നത് യാങ്‌സി, ഹൊയാങ്‌ഹോ എന്നീ നദികളുടെ തടങ്ങളിലാണ്. നദികളിൽ ചെറുകപ്പലുകളും പടവുകളും ചരക്കുകൾ കയററിറക്ക് നടത്തുന്നതു് ധാരാളമായി കാണാം. നദികളിൽ നിന്ന് പട്ടണത്തിലേക്ക് വളരെ ഉയരമുള്ളതിനാൽ കൂലിക്കാർ കൽപ്പടകൾ വഴിയാണ് സാമാനങ്ങൾ കയററുകയും ഇറക്കുകയും ചെയ്യുന്നതു്. അവ വലിച്ച് കരയിലാക്കാനും, കരയിൽനിന്ന് കപ്പലിലേക്ക് ഇറക്കാനും ഏതെങ്കിലും യന്ത്രം ഉപയോഗിക്കണമെന്ന് ആൎക്കും തോന്നാറില്ല. പട്ടണത്തിലും, നാട്ടുമ്പുറത്തും കാളവണ്ടി, കുതിരവണ്ടി, ലോറി എന്നിവയ്ക്കുപകരം മനുഷ്യർതന്നെ തള്ളുന്ന കൈവണ്ടികളാണ് കാണുന്നതു്.

രാജ്യത്തിലെ ലോഹസമ്പത്തു് തുടങ്ങിയവ യൊന്നും യന്ത്രസഹായം ഇല്ലാത്തതിനാൽ ഇതുവരെ പ്രയോജനപ്പെടുത്തിയിട്ടില്ല. അതിനാൽ രാജ്യം ക്ഷയിക്കാതെ ശേഷിക്കുന്നു എന്നു് സമ്മതിക്കണം. പക്ഷെ ജനങ്ങൾ ദരിദ്രരും, എന്നാൽ തൃപ്തരുമായിരിക്കുന്നു. യന്ത്രങ്ങൾ ഉപയോഗിച്ചു് ഒട്ടധികം വ്യവസായം നടത്തുമ്പോൾ കോടീശ്വരരാകാമെന്നു് അമേരിക്ക പഠിപ്പിക്കുന്നു. അതൊന്നും കൂടാതെ സാധാരണ നിലയിൽ തുടന്നാൽ രാജ്യത്തിൻെറ സമ്പത്തു് കൂടുതൽകാലം ക്ഷയിക്കാതിരിക്കുമെന്നും, യുദ്ധങ്ങൾ മുതലായ വിപ്ലവ സംഭവങ്ങൾ ജീവിതത്തെ സാരമായി ബാധിക്കയില്ലെന്നും, ഇന്ത്യയും ചൈനയും പഠിപ്പിക്കുന്നു. ചൈനയിൽ, ഗതാഗതമാർഗ്ഗങ്ങൾപോലും ചുരുക്കമാണു്. റെയിൽപാതകൾ വളരെ ചുരുക്കം. വലിയ വലിയ ചില ജില്ലകളിൽ റോഡുകൾപോലുമില്ല. ഇപ്പോൾ റോഡുകൾ വിമാനമാർഗ്ഗങ്ങൾ മുതലായവ കൂടുതലായി ഉണ്ടാക്കുന്നുണ്ടെങ്കിലും ലക്ഷക്കണക്കിനുള്ള ആളുകൾ ആ പഴയ പൗരാണിക ജീവിതമാണു് തുടരുന്നതു്.

ആധുനിക പരിഷ്കാരത്തിൻെറ ചില ഗുണങ്ങൾ ചൈന ഇനിയും നേടേണ്ടതായിത്തന്നെയിരിക്കുന്നു. നദീതീരങ്ങളിൽ ജീവിക്കുന്ന അനേക

ലക്ഷം ആളുകൾ ഭയങ്കരമായ ജലപ്രളയത്താൽ ആണ്ടുതോറും മരിക്കയും, വീടും കുടിലുമില്ലാത്തവരായി ശേഷിക്കയും ചെയ്യുന്നു. അന്യരാജ്യങ്ങളും, ചൈനീസ് ഗവണ്മെണ്ടും അവക്കുവേണ്ടി ഒട്ടേറെ പണം ചെലവാക്കേണ്ടിവരികയും ചെയ്യുന്നു. നദികളെ നിയന്ത്രിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചിരുന്നെങ്കിൽ ഇതു് സംഭവിക്കയില്ലായിരുന്നു. 1932-ൽ യാങ്ങ്സീനദിയിലെ വെള്ളപ്പൊക്കത്താൽ ഒരുലക്ഷത്തിമുപ്പതിനായിരം പേരാണു് മരിച്ചതു്. അതിലെത്രയോ കൂടുതൽ ആളുകൾക്കു് വീടും കുടിയും നഷ്ടമാകയും ചെയ്തു.

ഇങ്ങനെ പ്രകൃതിയുടെ കാരുണ്യത്തിൽ തന്നെ ജീവിക്കുന്ന ഒരു വർഗ്ഗമാണു് ചൈനാക്കാർ. ഭൂമിയിൽനിന്നു് ആവുന്നിടത്തോളം പ്രയോജനം നേടാൻ സ്വന്ത പരിശ്രമത്തെ മാത്രം അവർ ആശ്രയിക്കുന്നു. വെറും ദരിദ്രരാണു് അവരെന്നുള്ളതിൽ സംശയമില്ല. പക്ഷെ സാധാരണ ഗതിയിൽ, മണ്ണിനെപ്പററിയുള്ള അറിവുമൂലം അവരുടെ ജീവിതം ഭദ്രവും, സംതൃപ്തവുമാണു്.

---

# 5. അമേരിക്കൻ ഐക്യനാടുകൾ


മേൽകാണിച്ച ചൈനീസ് ജീവിതത്തിനു് എതിരായി മറെറാരുതരം ജീവിതമുണ്ടു്. അതാണു് അമേരിക്കയിലെ ഐക്യനാടുകളിൽ കാണുന്നതു്.

യൂറോപ്പിൽ നിന്നു കുടിയേറിയ ബ്രിട്ടീഷുകാർ, ഫ്രഞ്ചുകാർ, സ്പെയിൻകാർ, ഡച്ചുകാർ, എന്നിങ്ങനെ പല വർഗ്ഗങ്ങൾ അവിടെയുണ്ടു്. കൂടാതെ ആദിമനിവാസികളായ ചുവന്ന ഇന്ത്യന്മാർ, ആഫ്രിക്കയിൽനിന്നു് വേലയ്ക്കായി കൊണ്ടുവന്ന നീഗ്രോകൾ എന്നീ അപരിഷ്കൃത വർഗ്ഗങ്ങളും അമേരിക്കയിൽ കാണാം. യൂറോപ്യൻ വർഗ്ഗങ്ങൾ കൂടിക്കലർന്നതാണു് ഇന്നത്തെ അമേരിക്കൻ ജനസമുദായം.

ഈ ഐക്യനാടു ജനസമുദായത്തിന്റെ പകുതിയോളം ജീവിക്കുന്നതു് ലോകത്തിലെ ഏററവും വലിയ നദിയായ മിസ്സൗറി മിസിസിപ്പിയുടെ തടങ്ങളിലാണു്. രാജ്യത്തിന്റെ പകുതി സമ്പത്തും ഈ നദീതടങ്ങളിൽ നിന്നുണ്ടാകുന്നു.

യൂറോപ്യന്മാർ വന്നപ്പോൾ ഭൂമി മുഴുവൻ വനങ്ങളും പുൽത്തകിടികളുമായി കാണപ്പെട്ടു.

## വടക്കേ അമേരിക്കയിലെ മനുഷ്യവർഗ്ഗങ്ങൾ



1. പനാമാ 2. മെക്സിക്കോ 3. കോസ്റ്ററിക്കാ
4. പെൻസിൽവേനിയാ 5 ക്യൂബെക്കു്

എല്ലാം വെട്ടിത്തെളിച്ചു കൃഷിചെയ്യാൻ അവർ തയാറായി. പക്ഷെ ഭൂമിയേപ്പററി ചൈനാക്കാക്കുള്ള അറിവു് അവക്കുണ്ടായിരുന്നില്ല. ഭൂമി മുഴുവൻ തെളിച്ചാൽ കൃഷിക്കും, മനുഷ്യൻെറ ജീവസന്ധാരണത്തിനും ആവശ്യമായ പലതും നഷ്ടമാകുമെന്നു് അവർ ഓർത്തില്ല. തുടരെത്തുടരെ കൃഷിയും വിളവെടുപ്പും കൊണ്ടു് മണ്ണു് ദരിദ്രമായി

തരിശായി. മഴയും കാററും കൂടി മേൽമണ്ണും, വ ളവും വാരി വാരിയെടുത്തുകൊണ്ടുപോയി. ആദ്യം ഇതിൻെറ അപകടം ആക്കും മനസ്സിലായില്ല. മനസ്സിലായിത്തുടങ്ങിയപ്പോൾ താമസിച്ചു പോ കയും ചെയ്തു.

മിസിസിപ്പി നദിയുടെ ഒരു പോഷകനദി യാണു് ടെന്നിസി. ഈ നദിയുടെ തടങ്ങൾ വൻ പിച്ച വനങ്ങളാലും, പക്ഷിമൃഗാദികളാലും, സജീ വവും, സമൃദ്ധവുമായിരുന്നു. യൂറോപ്യന്മാർ മൃഗങ്ങ ളെ ക്രമേണ കൊന്നൊടുക്കി. വനങ്ങൾ വെട്ടി ത്തെളിച്ചു. നദികളിലെ മത്സ്യങ്ങളെ "ഡൈന മൈററ്" എന്ന പൊട്ടിത്തെറിപ്പൻ സാധനം പ്രയോഗിച്ചു് കൂട്ടത്തോടെ നശിപ്പിച്ചു. ക്രമേണ കൃഷിയും, ജീവിതവും, സാധിക്കാത്ത മട്ടായിത്തീ ൎന്നപ്പോഴാണു് പ്രകൃതിയുടെ പ്രതികാരത്തിൻെറ ശക്തി അവക്കു മനസ്സിലായതു്. പ്രകൃതിയെ കീ ഴടക്കണമെങ്കിൽ അതിനെ നശിപ്പിക്കയല്ല അനു സരിക്കയാണു വേണ്ടതെന്നു് ബേക്കൺ പറഞ്ഞ തു് എത്ര പരമാൎത്ഥം! മേല്പറഞ്ഞ വിവേകശൂന്യ രായ ആളുകളെ നാശത്തിൽനിന്നു് രക്ഷിക്കാൻ അമേരിക്കയിൽ ഇപ്പോൾ തീവ്രശ്രമം നടക്കുന്നു.

ഈ ശ്രമം ഭാവിയിൽ മനുഷ്യൻ ഭൂമിയോടും പ്രകൃതിയോടും എങ്ങനെയാണു് പെരുമാറേണ്ടതെന്നു് പഠിപ്പിക്കുന്നതാണു്.

മേൽപ്പറഞ്ഞ നദികളിലെ വെള്ളപ്പൊക്കം ചൈനയിലേപ്പോലെ ഭയങ്കരം തന്നെ. 1927-ൽ 28000 ചതുരശ്രമൈൽ ഭൂമി വെള്ളത്തിനടിയിലായി. മൂന്നുലക്ഷത്തിൽപരം ആളുകൾക്കു് വീടില്ലാതെയുമായി. പത്തുകൊല്ലത്തിനുശേഷം 10 ലക്ഷം പേർക്കാണു് വീടു് നഷ്ടമായതു്.

ടെന്നിസി നദിയെമാത്രം തൽക്കാലം നിയന്ത്രിക്കാൻ 1933-ൽ പ്രസിഡന്റ് റൂസ്‌വെൽട്ട് ഒരു അധികൃത സംഘത്തെ ഏർപ്പെടുത്തി. വെള്ളപ്പൊക്കം തടയുക, രാജ്യത്തിൽവിദ്യുച്ഛക്തി ഉല്പാദിപ്പിക്കാൻ ജലശക്തിയെ പ്രയോജനപ്പെടുത്തുക, വെട്ടിത്തെളിച്ച വനങ്ങൾ വീണ്ടും വച്ചുപിടിപ്പിക്കുക, കുന്നുകളിലെ ലോഹസമ്പത്തിനെ പ്രയോജനപ്പെടുത്തുക എന്നിങ്ങനെയുള്ള കൃത്യങ്ങളാണു് ഈ സംഘത്തിനു് ചെയ്യേണ്ടിയിരുന്നതു്. പുതിയ റോഡുകൾ, പള്ളിക്കൂടങ്ങൾ, വീടുകൾ മുതലായവ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകാനും സംഘത്തിനു് അധികാരമുണ്ടായിരുന്നു.

## വടക്കേ അമേരിക്കയിലെ മനുഷ്യവർഗ്ഗങ്ങൾ



1. സാൽവദോർ 2. കാലിഫോർണിയാ 3. ഹോൺഡ്യൂറാസ്



1. ടെക്സാസം 2. ഇല്ലിനോയിസ് 3. നെബ്രാസ്കം

ഇന്നു് അനേകം അണകൾകൊണ്ടു് നദിയുടെ ഒഴുക്കു തടഞ്ഞു് പല പല തടാകങ്ങളിലായി ജലം ശേഖരിക്കുന്നതു കാണാം. വനങ്ങൾ വച്ചു പിടിപ്പിച്ചിട്ടുണ്ടു്. കുന്നുകൾ തട്ടുകളായി തിരിച്ചു് കൃഷിയിറക്കിയിട്ടുമുണ്ടു്. പുതിയ ഖനികൾ,

റെയിൽപാതകൾ എന്നിവയും അവിടെ കാണപ്പെടുന്നു. ഒരു കാലത്തു് മനുഷ്യൻ ഈവക പ്രയത്നങ്ങൾ കണ്ടു് എല്ലായിടത്തും വിവേകശാലിയായിത്തീൎന്നേക്കാം. മിസിസിപ്പിതടം മുഴുവൻ തരിശായി വെറും "പൂഴിപ്പാത്രം" (Dust Bowl) എന്ന പേരിൽ അറിയപ്പെട്ടിരുന്നു. ഇപ്പോൾ അവിടെയും പല പുനരുദ്ധാരണ ജോലികൾ നടന്നുവരികയാണു്. എങ്കിലും കൈവിട്ടുപോന്ന പല പ്രദേശങ്ങളിലും ഇപ്പോഴും ആളുകൾ വീണ്ടും ചെന്നു താമസിക്കേണ്ടതായി ശേഷിക്കുന്നതേയുള്ളു.

അമേരിക്കൻ ഐക്യനാടുകളിൽ ലോകത്തിലെ വലിയ നഗരങ്ങൾ സ്ഥിതിചെയ്യുന്നു. ഇതിൽ പ്രധാനം ചിക്കാഗോ ആണു്. ഗോതമ്പു്, മാംസം എന്നിവയുടെ പ്രധാന കയററുമതിസ്ഥലമായ ചിക്കാഗോ ലോകത്തിലെ ഏററവും വലിയ നഗരമാകാൻ താമസമില്ലത്രേ. പഴയകാലങ്ങളിൽ ഗതാഗതമാൎഗ്ഗങ്ങൾ ചുരുക്കമായിരുന്നതുകൊണ്ടു് നഗരങ്ങൾ അതിവേഗത്തിൽ അത്ര വളരുമായിരുന്നില്ല. ഇന്നു് ഗതാഗതമാൎഗ്ഗങ്ങൾ വളരെയുള്ളതുകൊണ്ടു് അവ പെട്ടെന്നു് ധാരാളം വലിപ്പത്തിൽ വളരുന്നു. പക്ഷെ ഒരേക്കറിൽ 50-ൽ കൂടുതൽ ആളുകൾ താമസിക്കുമ്പോൾ വായു, ജലം

## വടക്കേ അമേരിക്കയിലെ മനുഷ്യവർഗ്ഗങ്ങൾ



1. അലാസ്കാ 2. നൈക്കരാഗ്വാ 3. ന്യൂയോക്ക്
4. അയോവാ 5. ഗ്വാട്ടിമാലാ 6. ഫീയോമിംഗ്

മുതലായവ ദൂഷിച്ച് ആരോഗ്യം നശിക്കുന്നു. അതിനാൽ നഗരങ്ങളിൽ രോഗത്തെ തടയാൻ വൻപിച്ച പ്രയത്നം കൂടാതെ നിവൃത്തിയില്ല.

പല നഗരങ്ങളിലും ഒട്ടനേകം വിദേശികൾ ഉണ്ടായിരിക്കും. ന്യൂയാക്കിൽ വിദേശികൾ തിങ്ങി

പ്പാക്കുന്ന പ്രത്യേകം പ്രത്യേകം പ്രദേശങ്ങൾ ഉണ്ടു്. ഈ പ്രദേശങ്ങൾക്കു് അതതു പ്രദേശക്കാരുടെ പേരും കൊടുത്തിരിക്കും. ന്യൂയാക്കു് എന്ന നഗരത്തിൽ, ഇററാലിയന്മാരുടെ പ്രദേശത്തിനു് ചെറിയ ഇററലി, സ്ലോവേക്കിയാക്കാരുടെ പ്രദേശത്തിനു് ചെറിയ സ്ലോവേക്കിയാ, ലിത്വേനിയാക്കാരുടെ ചെറിയ പ്രദേശത്തിനു് ലിത്വേനിയ എന്നിങ്ങനെയാണു് പറഞ്ഞുവരുന്നതു്. അയർലണ്ടുകാർ താമസിക്കുന്ന പ്രദേശത്തിൽ, അയർലണ്ടിന്റെ തലസ്ഥാനത്തിലേക്കാൾ കൂടുതൽ അയർലണ്ടുകാരുണ്ടു്. ന്യൂയാക്കിന്റെ മദ്ധ്യത്തിൽ നീഗ്രോകൾ മാത്രം താമസിക്കുന്ന ഒരു തനി നീഗ്രോ പ്രദേശവും സ്ഥിതിചെയ്യുന്നു.

---

# 6. ബ്രിട്ടൻ

ലണ്ടനിലും ഈ വിശേഷം കാണാവുന്നതാണു്. ബ്രിട്ടന്റെ തലസ്ഥാനമാണു് ഈ മഹാനഗരം. തിരുവിതാംകൂറിൽ 70 ലക്ഷം ആളാണുള്ളതെങ്കിൽ, ലണ്ടനിൽതന്നെ 80 ലക്ഷം ആളുണ്ടു്. അമേരിക്കൻ ഐക്യനാടുകളുടെ വടക്കുള്ള ക്യാനഡാ എന്ന വൻപിച്ച ബ്രിട്ടീഷ് പ്രദേശത്തിൽപോലും ലണ്ടൻ നഗരത്തിലെ ജനസംഖ്യ മാത്രമേയുള്ളു.

ബ്രിട്ടനിലെ ആളുകൾ നൂററിനു് 87 വീതം നഗരങ്ങളിൽതന്നെയാണു് ജീവിക്കുന്നതു്. അഥവാ, ബ്രിട്ടൻ ഇന്ത്യയേയും ചൈനയേയും പോലെ ഒരു കാർഷികരാജ്യമല്ല, വ്യവസായജീവിതം നയിക്കുന്ന രാജ്യമാണു്. ഇന്ത്യയിലും ചൈനയിലും ആളുകളധികവും നാട്ടിൻപുറങ്ങളിലാണു് ജീവിക്കുന്നതു് എന്നു നാം കണ്ടുകഴിഞ്ഞല്ലോ. വ്യവസായം വർദ്ധിക്കുമ്പോൾ ആളുകൾ നാട്ടിൻപുറങ്ങളെ ഉപേക്ഷിച്ചു് നഗരങ്ങളിലേക്കു് കുടിയേറുന്നു. 1850-ൽ ലണ്ടനിലും മററു ബ്രിട്ടീഷ് നഗരങ്ങളിലും, നാട്ടിൻപുറങ്ങളിലും ജനസംഖ്യ തുല്യമായിരുന്നു. അറുപതുവർഷം കഴിഞ്ഞപ്പോൾ ആകെയുള്ള ജനസംഖ്യയിൽ മുക്കാൽഭാഗം നഗരങ്ങളിൽതന്നെയായി.

## 7. യൂറോപ്പ്

എന്നാൽ നഗരജീവിതത്തിൽ ഏർപ്പെടാതെ നഗരങ്ങളിൽതന്നെ ജീവിക്കുന്ന വർഗ്ഗങ്ങൾ ഉണ്ടല്ലോ. അവർ നാട്ടിൻപുറങ്ങളെ ഉപേക്ഷിക്കാൻ വയ്യാത്തവിധം ഗ്രാമീണ ജീവിത സമ്പ്രദായങ്ങളിൽ ഉറച്ചുപോയവരാണ്. ഈ വ്യത്യാസം യൂറോപ്പുഖണ്ഡത്തിൽ കാണാൻ കഴിയും. ചൈനയിലേയോ ഇന്ത്യയിലേയോ ജനസംഖ്യ യൂറോപ്പിലുണ്ട്. അതിൽ പതിനഞ്ചുകോടിയും കൃഷിവലന്മാരാണ്.

യൂറോപ്പിലെന്നല്ല, ലോകത്തിൽ എല്ലായിടത്തും നഗരജീവിതം ഏറെക്കുറെ ഒന്നുപോലായിരിക്കും. നാഗരികജനങ്ങൾ സംസാരിക്കുന്ന ഭാഷ പലതാണെങ്കിലും, കാര്യം ഒന്നുതന്നെയാണ്—യുദ്ധം, സാധനങ്ങളുടെ വില മുതലായവ അവരുടെ ഷാപ്പുകൾ, കമ്പോളങ്ങൾ മുതലായവ എല്ലാ നഗരങ്ങളിലും മിക്കവാറും ഒന്നുപോലെതന്നെ പണികഴിച്ചിരിക്കും. അവയിൽ വില്പനയ്ക്കുവച്ചിരിക്കുന്ന സാധനങ്ങളും ജനങ്ങൾ കാണുന്ന സിനിമായും, നാടകവുമൊക്കെ ഒന്നുതന്നെ. വേഷത്തിലോ, ചില നടപടികളിലോ മാത്രം ചില വ്യത്യാസങ്ങൾ കണ്ടേക്കാം. ഉദാഹരണമായി സ്പെയിനിന്റെ തലസ്ഥാനമായ മാഡ്രിഡ് നഗരത്തിൽ

# യൂറോപ്പിലെ മനുഷ്യവർഗ്ഗങ്ങൾ

1025



ജനങ്ങൾ ഉച്ചയ്ക്ക് ഉറക്കം തുടങ്ങി രാത്രിയിൽ ജീവിതചര്യകളിൽ ഏർപ്പെടുമ്പോൾ ബ്രിട്ടൻ ജർമ്മനി മുതലായ രാജ്യങ്ങളുടെ തലസ്ഥാനങ്ങളിൽ ആളുകൾ പാതിരായ്ക്കാണ് ഉറക്കം തുടങ്ങുന്നത്. ഫ്റാൻസിൻെറ തലസ്ഥാനമായ പാരീസ്സിൽ ആളുകൾ തെരുവിലിരുന്ന് ഭക്ഷണം കഴിക്കും. ലണ്ടനിൽ മുറിയ്ക്കകത്തേ ഭക്ഷണം കഴിക്കുകയുള്ളു. പക്ഷെ ഇതെല്ലാം വെറും ബാഹ്യ വ്യത്യാസങ്ങളാണ്. സാധാരണ നാഗരികൻെറ ആന്തരമായ ജീവിതത്തെ ഈ വ്യത്യാസങ്ങൾ ബാധിക്കുന്നില്ല. സാരാംശത്തിൽ അവർ എല്ലായിടത്തും ഒന്നുപോലെതന്നെയിരിക്കുന്നു.

നേരെമറിച്ചാണ് ഗ്രാമീണ ജീവിതം. അതിൽ എല്ലായിടത്തും ബാഹ്യ വ്യത്യാസങ്ങൾ കൂടുതലായി കാണ്മാനുണ്ട്. ഓരോ രാജ്യത്തിനും പ്രത്യേകമായുള്ള വേഷം, ആചാരമര്യാദകൾ, ഉത്സവങ്ങൾ, കലാപ്രകടനങ്ങൾ മുതലായവ നാട്ടിൻപുറങ്ങളിലാണ് നിലനില്ക്കുന്നതു്. പട്ടണങ്ങളിൽ ഇവ കാണുന്നുണ്ടെങ്കിൽ അതിനു കാരണം അവ നാട്ടിൻപുറങ്ങളിൽനിന്ന് നഗരങ്ങളിലേയ്ക്കു പ്രവേശിക്കുന്നു എന്നുള്ളതുമാത്രമാണ്. ഓരോ രാജ്യത്തിൽ ഇങ്ങനെ ചില പ്രത്യേകതകൾ കാണാമെ

ന്നുള്ളതുക്കൂടാതെ ഒരു രാജ്യത്തിലെ ഓരോ ജില്ല യിലും അതതിൻെറ പ്രത്യേകതകൾ ഉണ്ടു്. ഫ്‌റാൻസ് ഒരൊററ വർഗ്ഗത്തിൻെറ നാടല്ല, ബ്രിട്ടനുമല്ല, ജർമ്മനിയുമല്ല. ഇവയിലെല്ലാം ചില ജില്ലകളിൽ പഴയ സ്വന്ത സംസ്കാരത്തിൻെറയും പാരമ്പര്യത്തിൻെറയും സ്മരണകളോടുക്കൂടിയ പല വർഗ്ഗങ്ങളെയാണു് കാണുന്നതു്. നമ്മുടെ നാട്ടിൽ മലയരയൻ മലയിലും, അരയൻ കടൽത്തീരത്തി ലും ജീവിക്കുന്നു. അവക്കു് ഒരേ സംസ്കാരമോ പാ രമ്പര്യമോ ഉണ്ടെന്നുപറയാനും വയ്യ. എങ്കിലും അവർ കൂടി ഉൾപ്പെട്ടതാണു് കേരളവും, കേരളീ യ ജനസമുദായവും. ഈ വർഗ്ഗങ്ങൾക്കെല്ലാം അത തിൻെറ വേഷവും, ഭാഷയും, അടിയന്തിരങ്ങൾ, കലകൾ, ജീവിതരീതികൾ എന്നിവയുമുണ്ടു്. ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി മുതലായ യൂറോപ്പ്യ രാജ്യങ്ങളിലും ഇങ്ങനെ ഭിന്നവർഗ്ഗങ്ങൾചേർന്നാ ണു് ഓരോ രാജ്യക്കാരായിത്തീന്നിരിക്കുന്നതു്.

ഇങ്ങനെയെല്ലാമാണെങ്കിലും യഥാത്ഥ യൂറോ പ്പ്യൻ എന്നുവച്ചാൽ യൂറോപ്പ്യൻ കർഷകനാ ണെന്നു കാണാം. എല്ലായിടത്തേയും കഷകന്മാർ തമ്മിലുമുണ്ടു് ഒരു ഐക്യം. അവരുടെ ജീവി തം മിക്കവാറും ഒന്നുപോലെയാണിരിക്കുന്നതു്.

മദ്ധ്യയൂറോപ്പിൻെറ മദ്ധ്യത്തിലൂടെ കിഴക്കോട്ടൊഴുകി കരിങ്കടലിൽ വീഴുന്ന ഡാന്യൂബ് നദിയുടെ കരയിൽ ബൾഗേറിയ, റുമേനിയ, ഹംഗറി ആസ്ത്രിയ എന്നിങ്ങനെ പല രാജ്യങ്ങളുമുണ്ട്. യുദ്ധമുണ്ടാകുമ്പോൾ ഈ രാജ്യങ്ങളിലെ ഭടന്മാർ അവരവരുടെ പട്ടാളവേഷത്തിൽ പരസ്പരം യുദ്ധം ചെയ്യും. എങ്കിലും അതില്ലാത്തപ്പോൾ അവർ തമ്മിൽ വ്യത്യാസമൊന്നുമില്ല. പൊതുവെ ബാൾക്കാൻ പ്രദേശങ്ങൾ എന്നറിയപ്പെടുന്ന ഒരു സ്ഥലമാണ് ഇങ്ങനെ പല രാജ്യങ്ങളായി വേർതിരിക്കപ്പെട്ടിരിക്കുന്നത്. രാജ്യങ്ങൾ പലതാണെങ്കിലും ജീവിതം ആന്തരമായി ഒന്നാണെന്നു ഈ സ്ഥലം തെളിയിക്കുന്നു.

ഒരു പാശ്ചാത്യ പരിഷ്കാരവും ജീവിതവുമാണ് ഇവിടെ നിലവിലിരിക്കുന്നത്. ഈയിടെ അത് പൗരസ്ത്യമായ ടർക്കിയിലേക്കും പ്രവേശിച്ചിരിക്കുന്നു. ഇസ്ലാമികവും, പൗരസ്ത്യവുമായ ഉറച്ച ഒരു പഴയ പരിഷ്കാരമാണ് ടർക്കിയിൽ ഉണ്ടായിരുന്നത്. 1922-ൽ മുസ്തഫാകെമാൽ എന്നൊരു നേതാവ് സാധാരണ നിലയിൽ നിന്നുയർന്ന്, ടർക്കിയെ ഭരിച്ചിരുന്ന സുൽത്താൻ വംശത്തെ ധ്വംസിച്ച് സ്വയം ഭരണം കയ്യേററു. അനന്തരം

# യൂറോപ്പിലെ മനുഷ്യവർഗ്ഗങ്ങൾ



അദ്ദേഹം പാശ്ചാത്യമാതൃകയിൽ ടൎക്കിയെ പരിഷ്കരിക്കുകയാണു് ചെയ്തതു്. ടൎക്കിയുടെ ലിപികൾ (അക്ഷരങ്ങൾ) തന്നെയും മാററി, പാശ്ചാത്യരീതിയിൽ എഴുതാനും, വായിക്കാനും, അദ്ദേഹം തുൎക്കികളെ നിർബന്ധിതരാക്കിത്തീൎത്തു. ഇങ്ങനെ പഴയ പരിഷ്കാരത്തിനെ വേരോടെ പിഴുതുകളഞ്ഞിട്ടു് മറെറാരു പരിഷ്കാരത്തെ പുതുതായി വച്ചുപിടിപ്പിക്കുക എന്നതു് കമാൽപാഷയല്ലാതെ മററാരും സാധിച്ചിട്ടില്ലാത്ത ഒരു മഹാകാൎയ്യമാണു്. ടൎക്കിയിൻ രാജ്യകാൎയ്യങ്ങളെ മതത്തിൻെറ പിടിയിൽനിന്നു് വേർപെടുത്തിയതും മുസ്ലിംവനിതകൾ മുഖം മൂടുന്ന പതിവു മാററി എല്ലാവരുടെയും വേഷം പാശ്ചാത്യമാക്കിയതും കമാലാണു്.

പക്ഷെ അടുത്തുള്ള സിറിയ, ഇറാക്കു്, ലെബനൺ, പാലസ്റ്റൈൻ എന്നീ പ്രദേശങ്ങളിലെ ജനങ്ങൾ ബൈബിളിൽ പറയുന്ന കാലത്തെ ജീവിതരീതി തന്നെയാണു് ഇന്നും തുടരുന്നതു്. ഇവരുടെ കൂട്ടത്തിൽ "യെസേദി" എന്നൊരു വൎഗ്ഗമുണ്ടു്. പ്രസ്തുത വൎഗ്ഗങ്ങൾ ജീവിക്കുന്ന സ്ഥലം അതിപുരാതന കാലംമുതൽ അനേകം മതങ്ങളുടെയും, ജനങ്ങളുടെയും, വാണിജ്യ വ്യാപാരാദികളുടെയും പരസ്പര സംഗമ സ്ഥലമായിരുന്നിട്ടുണ്ടു്. അതിനാൽ

യെസേദിവർഗ്ഗം എല്ലാ വർഗ്ഗങ്ങളുടെയും. മതങ്ങളുടെയും വിശ്വാസങ്ങളും ആചാരങ്ങളും ഒട്ടൊക്കെ സ്വീകരിച്ചിട്ടുമുണ്ട്. ആദായത്തിൽ കാൽപങ്കും മതകാര്യങ്ങൾക്കുവേണ്ടി ചിലവാക്കുന്ന ഇവർ പ്രാർത്ഥിക്കാറില്ല. അവർ വൃക്ഷത്തെ പൂജിക്കും; അതേസമയം ബൈബിളിൽ വിശ്വസിക്കും. ചെകിത്താനെ അവർ ബഹുമാനിക്കുന്നുണ്ട്. പക്ഷെ ക്രിസ്തു തിരിയെ വരുമെന്നറിയുന്നുമുണ്ട്. പുനർജ്ജന്മമുണ്ടെന്ന് അവർക്കറിയാം. എന്നാൽ മഹമ്മദ് അവർക്കും പ്രവാചകനാണ്. അതേ സമയം അവർ സൂര്യാരാധകരുമാണ്. ഇങ്ങനെ അവർ മഹമ്മദ്, ക്രിസ്തു, ജരതുഷ്ട്രൻ തുടങ്ങിയ മതസ്ഥാപകന്മാരെയും അസ്സിറിയൻ, ബാബിലോണിയൻ, ഹിന്ദു, തുടങ്ങിയവരുടെ വിശ്വാസാചാരങ്ങളെയും, വെറും പ്രാകൃത മതങ്ങളിലെ ചടങ്ങുകളെയും ഒന്നുപോലെ സ്വീകരിക്കുന്നു. മനുഷ്യൻ പ്രാകൃതനായിരുന്ന കാലംമുതൽ ഇന്നുവരെ അവൻെറ വിശ്വാസങ്ങളിൽ വന്നിട്ടുള്ള മാററങ്ങളും വളർച്ചയും ഒന്നിച്ചു കാണണമെങ്കിൽ ഇന്നത്തെ യെസേദികളെ നോക്കിയാൽ മാത്രം മതി.

ഈ വർഗ്ഗത്തിന് സമീപമാണ് പാലസ്റ്റൈൻ പ്രദേശം. അവിടെയാണ് ജൂതന്മാർ

ആദ്യമുണ്ടായിരുന്നതെന്നു് പ്രസിദ്ധമാണല്ലോ. പാലസ്റ്റൈനിന്റെ മെഡിററേനിയൻ തീരത്തിലെ ജാഫായ്ക്കു സമീപം ജൂതമയം മാത്രമായ ഏകനഗരം സ്ഥിതിചെയ്യുന്നു. ഇതിന്റെ പേരു് ടെൽഅവീവ് എന്നാണു്. അവരുടെ കൃഷി കൊണ്ടു് ചുററിനുമുള്ള പ്രദേശങ്ങൾ സമൃദ്ധിനിറഞ്ഞതായി കാണപ്പെടുന്നു. അ.ധികം അകലെയല്ലാതെ അറബി പ്രദേശങ്ങൾ അത്ര പുരോഗതിയൊന്നുമില്ലാത്ത നിലയിൽ ശേഷിക്കയും ചെയ്യുന്നു.

# 8. റഷ്യ

മേൽപ്പറഞ്ഞ പ്രദേശങ്ങൾക്കു വടക്ക് യൂറോപ്പിലും ഏഷ്യയിലും കൂടി അയ്യായിരത്തിൽപരം മൈൽനീളത്തിൽ കിടക്കുന്ന ഒരു മഹാരാജ്യമാണ് യു. എസ്. എസ്. ആർ. എന്നറിയപ്പെടുന്ന റഷ്യ. ലോകത്തിലെ ഭൂപ്രദേശത്തിൻെറ ഏഴിലൊരു ഭാഗമാണിതു്. എന്നാൽ ഈ വൻപിച്ച സ്ഥലവിഭാഗത്തിൽ പലേടത്തും ജനവാസമില്ല. ഗോബി തുടങ്ങിയ മരുഭൂമികൾ അവിടെയുണ്ടു്. ആർട്ടിക് കടലിനു സമീപമുള്ള സൈബീരിയൻ പ്രദേശങ്ങളും വാസയോഗ്യമല്ല. എങ്കിലും റഷ്യയിലാകെ ഇരുന്നൂറു വർഗ്ഗങ്ങൾ ഉൾപ്പെട്ട പതിനെട്ടുകോടി ആളുകളുണ്ടു്. നൂററിയൻപതു് ഭാഷകൾ അവിടെ സംസാരിക്കപ്പെടുകയും ചെയ്യുന്നു. ഇന്ത്യയിൽ ഇരുന്നൂറു ഭാഷകൾ ഉണ്ടെന്നറിയാമല്ലോ.

റഷ്യയിലെ പതിനെട്ടുകോടി ആളുകളിൽ മുക്കാൽഭാഗവും യൂറോപ്പിലെ റഷ്യയിലാണ് ജീവിക്കുന്നതു്. ഒരു വലിയ കാർഷികഭൂമിയാണ് റഷ്യ. അമേരിക്കൻ ഐക്യനാടുകളിൽ യന്ത്രസഹായത്താൽ ഉണ്ടാകുന്നതിൻെറ ഇരട്ടിയിലധികം വിളവ് റഷ്യയിൽ യന്ത്രസഹായം കൂടാതെ ഉണ്ടാകുന്നുണ്ടു്. മണ്ണിൻെറ ഫലഭൂയി

ഷ്ടത, ആൾബലത്താലുള്ള ഗുണം എന്നിവ റഷ്യയ്ക്കു് ധാരാളമായുണ്ടെന്നു് ഇതിൽനിന്നു് ഊഹിക്കാം. റഷ്യയിലെ നൂററിന്നു എൺപതു പേരും കൃഷിക്കാരാണു്. യൂറോപ്പിലെയും ഏഷ്യയിലെയും റഷ്യയ്ക്കു മദ്ധ്യേ കിടക്കുന്ന യൂറാൾ പർവ്വതങ്ങൾ ഒഴിച്ചാൽ പറയത്തക്ക ഉന്നത പ്രദേശങ്ങളൊന്നും ആ രാജ്യത്തിൽ ഇല്ല. എല്ലായിടവും ഏറെക്കുറെ നിരപ്പായിത്തന്നെ കിടക്കുന്നു. സമുദ്രനിരപ്പിൽനിന്നു് ആയിരം അടിയിൽ കൂടുതൽ ഉയരമുള്ള സ്ഥലങ്ങൾ റഷ്യയിൽ കുറവാണു്. ഇത്ര വിസ്തൃതമായ സമതലത്തിൽ വളമേറിയ മണ്ണു് ഇത്ര അധികമുള്ള രാജ്യങ്ങൾ ചുരുക്കമാണു്. ഈ വലിയ സമതലത്തിൽ അങ്ങിങ്ങായി മൂന്നു ലക്ഷത്തിൽപരം ഗ്രാമങ്ങൾ ഉണ്ടു്. ഇപ്പോഴും ഗതാഗതമാർഗ്ഗങ്ങൾ ചുരുക്കമാകയാൽ ഈ ഗ്രാമങ്ങളിലെ ജനങ്ങൾ പരസ്പരം അറിയുക പ്രയാസംതന്നെ.

1917-ൽ റഷ്യയിലുണ്ടായ മഹാവിപ്ലവത്തിൽ രാജവംശം നശിക്കുകയും ജനങ്ങൾ ഭരണം കയ്യേൽക്കുകയും ചെയ്തു. അൽപകാലത്തിനിടയിൽ, അറുപത്തഞ്ചുലക്ഷം കുടുംബങ്ങളുടെ ഭൂമി, കന്നുകാലികൾ മുതലായവയെല്ലാം ഗവമ്മെൻറിൽനിന്നും കൈവശമെടുത്തു. വേലികൾ, കയ്യാലകൾ

മുതലായവയെല്ലാം തട്ടിനിരത്തി എല്ലാ ഭൂമിയും ഒന്നിച്ചു കൃഷിചെയ്യാൻ തുടങ്ങി. യന്ത്രങ്ങൾ ഉപയോഗിക്കപ്പെടുകയും ചെയ്തു. ഇതിൻെറയെല്ലാം ഫലമായി വിളവു വളരെ വർദ്ധിച്ചതായി കണ്ടു. കൃഷിഭൂമികൾ ഒന്നിച്ച് സക്കാർതന്നെ കൃഷി നടത്തിയപ്പോൾ കൂടുതൽ ആളുകൾ നാട്ടിൻപുറങ്ങളിലേയ്ക്കു വന്നു. ഓരോ കൃഷിഭൂമിക്കും തന്നിമിത്തം പ്രത്യേകം നാടകശാലകൾ, സിനിമാശാലകൾ, വായനശാലകൾ മററു വിനോദസ്ഥലങ്ങൾ എന്നിവ ഏർപ്പെടുത്തപ്പെട്ടു. ഇന്നു റഷ്യയിലെല്ലായിടത്തും പള്ളിക്കൂടങ്ങൾ ഉണ്ടു. 1920-ൽപോലും അവിടെ നൂറിൽ അറുപത്തിമൂന്നുപേക്ക് എഴുത്തും വായനയും അറിഞ്ഞുകൂടായിരുന്നു. അക്ഷരമറിയാത്ത ഈ വൻപിച്ച കൃഷീവലസമുദായത്തെ എഴുത്തു പഠിപ്പിച്ചതു തന്നെ ഒരു വലിയ നേട്ടമാണു്.

ഏഷ്യയിൽ വ്യാപിച്ചുകിടക്കുന്ന റഷ്യയിൽ നാലു കോടിയോളം ജനങ്ങൾ ഉണ്ടു്. വളരെ പഴക്കമുള്ള ചില നഗരങ്ങളും, അതിപ്രാചീനമായ ജീവിതരീതിയുമാണു് ഇവിടെ പല സ്ഥലങ്ങളിലും ഇന്നും കാണുന്നതു്. പക്ഷെ ഇന്നത്തെ ഗവമ്മെൻറു ഗതാഗതമാർഗ്ഗങ്ങൾ നിമ്മിച്ചും, നഗരങ്ങൾ തന്നെ പുതുക്കിയും പലതരത്തിൽ

അഭിവൃദ്ധി വരുത്തിയിരിക്കുന്നു. അതിനാൽ പത്തു കൊല്ലത്തിന്നിടയിൽ ഇവിടെ 30 ലക്ഷം ജനങ്ങൾ വർദ്ധിച്ചിട്ടുണ്ട്. ആധുനികരീതിയിൽ പുതുക്കിയ ഒരു നഗരമാണ് സ്റ്റാലിനബാദ്.

മദ്ധ്യേഷ്യയിലെ റഷ്യൻ പ്രദേശങ്ങളിലും, സൈബീരിയായിലും ഒട്ടകങ്ങളുടെ മുകളിൽ കച്ചവടച്ചരക്കുകളുമായി യാത്രചെയ്യുന്ന മംഗോളിയൻ വർഗ്ഗക്കാരുടെ സംഘങ്ങളെ പണ്ടത്തേപ്പോലെ ഇപ്പോഴും കാണാം. ഇവരും റഷ്യൻപ്രജകളാണ്. ചുവപ്പ്, മഞ്ഞ, നീലം എന്നിങ്ങനെ പല നിറങ്ങളുള്ള വേഷങ്ങളാണ് ഇവർ ധരിക്കുന്നതു്. നിവൃത്തിയുണ്ടെങ്കിൽ ഈ വർഗ്ഗക്കാർ കാൽനടയായി സഞ്ചരിക്കുകയില്ല. ഒട്ടകമാണ് ഇവരുടെ ഏററവും പ്രിയപ്പെട്ട വാഹനം. ഇപ്പോൾ അല്പാല്പമായി റെയിൽവേകളും മററും ഈ പ്രദേശങ്ങളിലും നിർമ്മിക്കപ്പെട്ടിട്ടുണ്ട്. പുതിയ ഖനികൾ തുറക്കാനും, തരിശുഭൂമികൾ കൃഷിചെയ്യാനും റഷ്യാ ഗവമ്മെൻറ് ഉത്സാഹിക്കുന്നു. ഗതാഗതമാർഗ്ഗങ്ങളാണ് പരിഷ്കാരത്തിൻെറ ഒരു പ്രധാന ലക്ഷണം. അവ സ്ഥലങ്ങളെയും ജനങ്ങളെയും തമ്മിൽ

യോജിപ്പിക്കയും കൂടുതൽ പ്രവർത്തനങ്ങൾക്കിട നൽകുകയും ചെയ്യുന്നു. പല സ്ഥലങ്ങളും ജീവിതത്തിനുവേണ്ടി റോഡുകളെയും റെയിൽപാതകളെയുമാണു് ആശ്രയിക്കുന്നതു്.

ലോകത്തിലെ ജനസംഖ്യ ഒന്നരനൂററാണ്ടു കൊണ്ടു് മൂന്നിരട്ടിയായിത്തീർന്നിരിക്കുന്നു. ഇന്നു് ലോകത്തിൽ 200 കോടി ആളുകൾ ഉണ്ടു്. ഇവരെല്ലാം സാമാന്യം നന്നായി ജീവിക്കണമെങ്കിൽ ഭൂമിയുടെ വിളവുകൾ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

# 9. ജപ്പാൻ

ജനസംഖ്യാ വർദ്ധനയ്ക്കു കാരണം ഗതാഗത മാർഗ്ഗങ്ങളുടെ വർദ്ധനയും ഉല്പന്നങ്ങൾക്കുവേണ്ടി യന്ത്രങ്ങൾ പ്രയോഗിക്കുന്ന പതിവുമാണ്. ഇതിന്നു് നല്ല ഉദാഹരണമാണ് ജപ്പാൻ.

ഏഷ്യയുടെ കിഴക്കുവശത്തു് പസിഫിക് സമുദ്രത്തിൽ 900 മൈൽ നീളത്തിൽ കിടക്കുന്ന ഒരു ദ്വീപസമൂഹമാണ് ജപ്പാൻ. എഴുപതു വർഷം മുൻപ് അവിടെ ഇന്നത്തെ 10 കോടിയിൽ പകുതി ജനങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അന്നു പരിഷ്കാരമെന്തെന്നു് ജപ്പാൻകാർ അറിഞ്ഞിരുന്നുമില്ല. വില്ലും അമ്പുമായിരുന്നു അന്നത്തെ അവരുടെ ആയുധങ്ങൾ. അങ്ങനെയിരിക്കെ പെട്ടെന്നു് അവിടെ വ്യവസായങ്ങളും പരിഷ്കാരവും പൊട്ടിപ്പുറപ്പെട്ടു. ഇംഗ്ലണ്ടിൽ 150 വർഷം കൊണ്ടുണ്ടായ മാററം ജപ്പാനിൽ 50 വർഷം കൊണ്ടു സംഭവിച്ചു. ഇന്നു ജപ്പാൻ പുറമേ എല്ലാ തരത്തിലും യൂറോപ്പിനെ അനുകരിച്ചിരിക്കയാണ്. പക്ഷെ ഉള്ളിലെ ആശയങ്ങൾക്കുമാത്രം വ്യത്യാസം വരുത്തിയിട്ടില്ല. ചക്രവർത്തിയെ അവർ ദൈവമാണെന്നു കരുതി ആരാധിക്കുന്നു. കുട്ടികൾക്കു് അദ്ദേഹത്തിൻെറ പേരിടുകയില്ല. അബദ്ധത്തിൽ അറിയാതെ അങ്ങനെ പേരിട്ടു.

ഒരു പിതാവ് ആത്മഹത്യ ചെയ്യും. ചക്രവർത്തി ദൈവമാകയാൽ അദ്ദേഹത്തിന്റെ പേരിടുന്നതു് ഈശ്വരനിന്ദയായിട്ടാണു് ജപ്പാൻകാർ ഗണിക്കുന്നതു്.

പഴമയും പുതുമയും ജപ്പാനിൽ ഒന്നിച്ചാണു കാണുന്നതു്. യൂറോപ്യൻ വേഷത്തിൽ ജപ്പാൻകാർ ഫാക്ടറിയിലും ആഫീസിലും ജോലി ചെയ്യും. കാൺക്രീററ് വീടുകരം ആഫീസ്കെട്ടിടങ്ങരം മുതലായവയുടെ അടുത്തുതന്നെ കടലാസ്സും മുളയും കൊണ്ടുള്ള പഴയ കെട്ടിടങ്ങളും കാണും. ഭൂകമ്പങ്ങരം ധാരാളമുണ്ടാകാറുള്ള ജപ്പാനിൽ മുളയും കടലാസ്സുംകൊണ്ടുള്ള കെട്ടിടങ്ങരം നശിച്ചാലും വലിയ ദോഷവും നഷ്ടവും സംഭവിക്കാറില്ല. അതുകൊണ്ടു് ജപ്പാനിൽ കടലാസ് വീടുകരം ധാരാളമാണു്. എങ്കിലും പാശ്ചാത്യരെ അനുകരിക്കാൻ അവക്കു് പ്രത്യേക വാസനയുണ്ടു്. അതിനാൽ വേഷം, കെട്ടിടങ്ങരം, വ്യവസായങ്ങരം മുതലായവയിൽ പാശ്ചാത്യരീതി അവർ സ്വീകരിച്ചിരിക്കുന്നു. വ്യവസായത്തിൽ പാശ്ചാത്യരെ തോല്പിക്കാൻ അവക്കു സാധിച്ചിട്ടുണ്ടു്. മത്സ്യമാണു് അവരുടെ പ്രധാന ആഹാരസാധനം. എന്നാൽ മത്സ്യവ്യാപാരത്തിൽപോലും അവർ പാശ്ചാത്യ

രെ തോല്പിക്കയാണു ചെയ്യിട്ടുള്ളതു്. കാരണം സാധനങ്ങൾക്കു് വിലകുറച്ചു വില്ക്കാൻ അവക്കു് സാധിക്കുന്നു എന്നുള്ളതാണു്.

ജപ്പാൻകാരുടെ ജീവിതച്ചെലവു യൂറോപ്യന്റേതുപോലെ അത്ര അധികമല്ല. അതിനാൽ അവക്കു് കുറഞ്ഞ കൂലികൊടുത്തു് തൊഴിലാളികളെ ഏൎപ്പെടുത്താനും കുറഞ്ഞ വിലയ്ക്കു് സാധനങ്ങൾ വില്ക്കാനും സാധിക്കുന്നു.

# 10. ആസ്ത്രേലിയാ

ജപ്പാനിൽ ചില പഴയ അപരിഷ്കൃതവർഗ്ഗങ്ങൾ ഇപ്പോഴും മൃഗങ്ങളെ നായാടി ജീവിക്കുന്നതുപോലെ ആസ്ത്രേലിയായിലെ അപരിഷ്കൃതവർഗ്ഗങ്ങളും ജീവിക്കുന്നു. മതിയായ ഒരു കൂടിൽ ഉണ്ടാക്കാനോ, കൃഷിചെയ്യാനോ അവർക്കറിവില്ല. പക്ഷെ ആസ്ത്രേലിയായിൽ എഴുപതുലക്ഷത്തോളം ഇംഗ്ലീഷുകാർ ഉണ്ടു്. പാശ്ചാത്യരീതികളിൽ അവർ ആസ്ത്രേലിയൻ ഖണ്ഡത്തെ പരിഷ്കരിച്ചുവരുന്നു. ഇപ്പോൾ ആസ്ത്രേലിയൻ തരിശുഭൂമിയിൽ ധാരാളം ഗോതമ്പു കൃഷിയിറക്കി അന്യനാട്ടുകളിലേയ്ക്കു് ഗോതമ്പു് അയയ്ക്കുന്നുണ്ടു്. നമ്മുടെ റേഷൻസാധനങ്ങളിൽ ആസ്ത്രേലിയൻ ഗോതമ്പും ഉൾപ്പെടുന്നു.

ഈ ഖണ്ഡത്തിനു സമീപമുള്ള ന്യൂസീലണ്ടിൽ മവോറി വർഗ്ഗക്കാരാണു് പണ്ടു ജീവിച്ചിരുന്നതു്. യൂറോപ്യന്മാർ അവിടെ ചെന്നപ്പോൾ അവർ മനുഷ്യരെ തിന്നുന്നവരായിരുന്നു. ഇന്നു് നേരേമറിച്ചു് മവോറികൾ വെള്ളക്കാരുമായി ഇടപഴകി പരിഷ്കൃതരെപ്പോലെ ജീവിക്കുന്നു. വെള്ളക്കാരുടെ കുട്ടികളോടൊപ്പം അവരുടെ കുട്ടികൾ പള്ളിക്കൂടത്തിൽ പോകുന്നു. മവോറി പൗരന്മാർക്കു് ഇന്നു് വോട്ടവകാശവും ഉണ്ടു്.

# 11. തെക്കേ അമേരിക്ക

തെക്കേ അമേരിക്കയിലെ അധികം പ്രദേശങ്ങളും ഇപ്പോൾ വെള്ളക്കാരുടെ കൈവശമാണ്. അവർ അവിടെ ചെന്നപ്പോൾ വെറും അപരിഷ്കൃതവർഗ്ഗങ്ങളെയാണ് കണ്ടത്. കാലക്രമത്തിൽ ഈ അപരിഷ്കൃതവർഗ്ഗങ്ങൾ പലതും നശിച്ചു; ഇപ്പോൾ നശിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. എങ്കിലും ചിലതൊക്കെ അമേരിക്കൻ പ്രദേശങ്ങളിൽ അതിപുരാതനമായ ഒരു വലിയ പരിഷ്കാരം നിലനിന്നിരുന്നു എന്നു കാണ്മാനുണ്ട്. വെള്ളക്കാരുടെ പരിഷ്കാരം എത്രതന്നെ മഹത്തായിരുന്നാലും അതുകൊണ്ട് അപരിഷ്കൃതവർഗ്ഗങ്ങൾക്ക് ഗുണപ്പെടാൻ സാധിച്ചിട്ടില്ല. ആക്രമണത്തിൽ തോല്ക്കുന്ന വർഗ്ഗങ്ങൾ സാധാരണയായി നശിച്ചുവരുന്നതായിട്ടല്ലാതെ, ജയിച്ചവരുടെ പരിഷ്കാരം സ്വീകരിച്ച് അഭിവൃദ്ധിപ്പെടുന്നതായി കാണുന്നത് ചുരുക്കമാണ്. ഇതിനു കാരണം യൂറോപ്യൻ പരിഷ്കാരത്തിലെ അതിരുകടന്ന വർഗ്ഗബോധമാണ്. അന്യ വർഗ്ഗങ്ങളെ നശിപ്പിക്കാൻ ആദ്യത്തെ യൂറോപ്യൻ ആക്രമണക്കാർ എല്ലായിടത്തും ഉത്സാഹിച്ചിട്ടുണ്ട്. ഈ

വർഗ്ഗബോധം ഒരു തെററാണെന്നു് വെള്ളക്കാർ ഇപ്പോഠം മനസ്സിലാക്കിവരുന്നു. ഓരോ വർഗ്ഗവും അതിൻെറ പാരമ്പര്യമനുസരിച്ചു വളരാൻ വേണ്ട പ്രോത്സാഹനം നൽകേണ്ടതാണെന്നുള്ള ഒരു വിചാരം അവരുടെയിടയിൽ പ്രചരിച്ചുവരുന്നു. ഈ പ്രോത്സാഹനത്തിനിടയിൽ പരസ്പരം ആശയങ്ങളും, പ്രവത്തനരീതികളും കൈമാറുകയാണു് ഭിന്നവർഗ്ഗങ്ങഠം ചെയ്യേണ്ടതു്. ആദ്യം പറഞ്ഞതുപോലെ പുറമേ എത്ര ഭിന്നമായിരുന്നാലും ആന്തരമായി എല്ലാ വർഗ്ഗങ്ങളും ഒന്നുപോലെയാണു്. അതിനാൽ ഭിന്നതകഠം ഉണ്ടായിരിക്കുമ്പോഠംപോലും വർഗ്ഗങ്ങഠം തമ്മിൽ ഐക്യം സ്ഥാപിക്കാൻ വയ്യെന്നില്ല. ഭാവിലോകത്തിന്റെ പുരോഗതി ഈ വഴിയ്ക്കാണെന്നു പറയാം.

JAWAHAR BALBHAVAN & CHILDREN'S LIBRARY

KOTTAYAM

(A PROJECT OF KOTTAYAM PUBLIC LIBRARY)

Cl. No. 300 Acc No. 1026

This book should be returned on or before the date last stamped below.

300

പി. ദാമോദരൻ പിള്ള

ലോകത്തിലെ ജനങ്ങൾ

10൨൫


300 10൨൫

...രൻ
...ള
...ലെ
...ങ്ങൾ